# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്‌ടോബർ 10, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--401]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 1177 മുതൽ 1342 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1343 മുതൽ 1455 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1456 മുതൽ 1557 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 1558 മുതൽ 1577 വരെ |

**കോസ്റ്റ് ഇൻഡക്സ് നൽകുന്നതിന്റെ മാനദണ്ഡം**

1177 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മരാമത്ത് പണികളുടെ നിരക്ക് കണക്കാക്കുമ്പോൾ കോസ്റ്റ് ഇൻഡക്സ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) എല്ലാ ജില്ലയ്ക്കും ഒരേ കോസ്റ്റ് ഇൻഡക്സ് ആണോ നിശ്ചയിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഓരോ ജില്ലക്കുമുള്ള കോസ്റ്റ് ഇൻഡക്സ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ സാമഗ്രികൾ ലഭ്യമല്ലാത്തതും പ്രതികൂലമായ ഭൂപ്രകൃതിയുള്ളതുമായ വൈപ്പിൻകര പോലുള്ള തീരപ്രദേശങ്ങളിലെ മരാമത്ത് പണിക്ക് വർദ്ധിച്ച ചിലവ് നേരിടുന്നതും പ്രവൃത്തികളുടെ കരാറുകൾ ആരും ഏറ്റെടുക്കുവാൻ തയ്യാറാകാത്തതും കണക്കിലെടുത്ത് കോസ്റ്റ് ഇൻഡക്സ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വൈപ്പിൻകര പോലുള്ള തീരദേശ മണ്ഡലങ്ങളിലെ കോസ്റ്റ് ഇൻഡക്സ് താലൂക്കടിസ്ഥാനത്തിൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**പൊതുമരാമത്ത് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

1178 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് പൂർത്തിയാക്കിയ പാലങ്ങളുടെ എണ്ണം എത്രയാണ്; കെട്ടിടങ്ങളുടെ എണ്ണം എത്രയാണ്; നവീകരിച്ച റോഡുകളുടെ ദൈർഘ്യമെത്രയാണ്; വിശദമാക്കാമോ;

(സി) കിഫ്ബി ആരംഭിച്ച ശേഷം പൊതുമരാമത്ത് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ കിഫ്ബി ആരംഭിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഓരോ വർഷവും എത്ര രൂപയുടെ പദ്ധതികൾ വീതം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

1179 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയിലെ വാഴപ്പിള്ളിയിൽ നിന്നും ആരംഭിച്ച്, നെല്ലാട്, പട്ടിമറ്റം, കിഴക്കമ്പലം, പള്ളിക്കര വഴി കാക്കനാട്ടേയ്ക്ക് എത്തുന്ന മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്; ഡി.പി.ആർ.ന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഡി.പി.ആർ.ന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഡി.പി.ആർ.ന് ഭരണാനുമതി നൽകി റോഡ് നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

## ബൈപാസുകളുടെയും ഫ്ലൈഓവറുകളുടെയും നിർമ്മാണം

1180 **ശ്രീ വി ജോയി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിലായി നിർമ്മാണം പൂർത്തിയാക്കിയ ബൈപാസുകളുടെയും ഫ്ലൈഓവറുകളുടെയും വിശദാംശം നൽകുമോ;

(ബി) നിലവിൽ എല്ലാ വിംഗുകളിലുമായി പ്രവൃത്തി പുരോഗമിക്കുന്ന പാലങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടുള്ള പാലങ്ങൾ എത്രയാണെന്നും അവയുടെ പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1181 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും, ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി വിശദമാക്കാമോ?

**<u>മുക്കം ടൗൺ പരിഷ്കരണം-രണ്ടാം ഘട്ടം</u>**

1182 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക അനുവദിച്ച പ്രവൃത്തിക്ക് പകരമായി നിർദേശിച്ച മുക്കം ടൗൺ -രണ്ടാംഘട്ട പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>അങ്കമാലി-കുണ്ടന്നൂർ ആറുവരി പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ</u>**

1183 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുതൽ കുണ്ടന്നൂർ വരെ നിർമ്മിക്കുന്ന പുതിയ ആറുവരി പാതയുടെ ഭൂമിയേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ദൈർഘ്യം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരികയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എൻ.എച്ച് 66-ന്റെ മാനദണ്ഡം തന്നെയാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡിൽ ഫ്ലൈ ഓവറുകൾ, അണ്ടർപാസ്സേജുകൾ, എൻട്രി, എക്സിറ്റ് പോയിന്റുകൾ എന്നിവ എവിടെയെല്ലാമാണ് വരുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ അലൈൻമെന്റ് എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(എഫ്) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട എത്ര വില്ലേജുകളിൽ കൂടി ഈ പാത കടന്നു പോകുന്നുണ്ടെന്നും പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഈ വില്ലേജുകളിൽ നിന്നും എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നും വിശദമാക്കാമോ?

**<u>നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ നിയന്ത്രിക്കുന്നതിന് നടപടി</u>**

1184 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളിച്ച് പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതോടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരെ കൂടുതൽ കാര്യക്ഷമതയുള്ളവരാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേഷൻ വ്യവസ്ഥകൾ കർശനമാക്കുന്നതോടെ കരാറുകാരുടെ മെല്ലെപ്പോക്ക് നിയന്ത്രിക്കുന്നതിന് കഴിയുമോ; വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളിൽ മെല്ലെപ്പോക്ക് നടത്തുന്ന കരാറുകാരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>അരുവിക്കര മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി.റോഡുകളുടെ അറ്റകുറ്റപണി</u>**

1185 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ അടിയന്തരമായി അറ്റകുറ്റപണി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം റോഡുകളാണ് ഇത്തരത്തിൽ അറ്റകുറ്റപ്പണി നടത്തേണ്ടതെന്നും അതിനാവശ്യമായ തുക എത്രയാണെന്നും അറിയിക്കുമോ?

**<u>റോഡുവികസനത്തിനു കേന്ദ്രസർക്കാരിനു നൽകിയ പദ്ധതികൾ</u>**

1186 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മുത്തങ്ങ ദേശീയപാത വികസനത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) താമരശ്ശേരി ചുരത്തിലെ വളവുകളുടെ വീതികൂട്ടാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൽപ്പറ്റ ബൈപാസ് നവീകരണം സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ; അതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>പ്രധാന റോഡ് ശൃംഖലകൾ സംസ്ഥാനപാതയാക്കി ഉയർത്താൻ നടപടി</u>**

1187 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിലേക്ക് എത്തുന്ന പ്രധാന റോഡ് ശൃംഖലകൾ സംസ്ഥാനപാതകളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ മേജർ ഡിസ്ട്രിക്ട് റോഡ് ആയി തുടരുന്നതും വളരെയധികം ട്രാഫിക് ഉള്ളതുമായ ഇത്തരം കണക്റ്റിവിറ്റികൾ കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് ഉയർത്തി സംസ്ഥാന റോഡ് ശൃംഖലയുടെ ശരാശരി വേഗത ഉയർത്തുന്നതിന് പ്രത്യേകമായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സംസ്ഥാനപാതകളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി ഒരു സംസ്ഥാനപാതാ അതോറിറ്റി വിഭാഗം രൂപീകരിക്കുമോ; വിശദമാക്കുമോ?

## <u>ഗ്രീൻഫീൽഡ് ഹൈവേ</u>

1188 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹൈവേ നിർമ്മാണത്തിനുള്ള തുടർനടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പുരോഗതി</u>

1189 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം വഴി കുട്ടനാടൻ ജനതയ്ക്കും, ടൂറിസത്തിനും ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## <u>കൊയിലാണ്ടി എടവണ്ണ റോഡ് - സ്ട്രീറ്റ് ലൈറ്റ്</u>

1190 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നവീകരിച്ച കൊയിലാണ്ടി-താമരശ്ശേരി-മുക്കം-എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നവീകരണത്തിന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾക്ക് പൂർണ്ണമായും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ കെ.എസ്.ഇ.ബി. ഡിവിഷനുകൾക്ക് കീഴിലാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത്; ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ബാലുശ്ശേരി മണ്ഡലത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ എത്ര ലൈറ്റുകളാണ് പ്രകാശിക്കുന്നത്; വിശദമാക്കാമോ?

## പുല്ലുവായ്- തൊട്ടിൽപ്പാലം റോഡിന്റെ നിർമ്മാണപുരോഗതി

1191 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലൂടെയുള്ള പുല്ലുവായ്- തൊട്ടിൽപ്പാലം റോഡിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ?

## അറ്റകുറ്റപ്പണികൾ നടക്കുന്ന റോഡുകളിലെ സുരക്ഷാ മുൻ കരുതലുകൾ

1192 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റകുറ്റപ്പണികൾ നടക്കുന്ന റോഡുകളിൽ വേണ്ടത്ര സുരക്ഷാ മുൻകരുതലുകളും മുന്നറിയിപ്പടയാളങ്ങളും ഇല്ലാതിരുന്നതു കൊണ്ടുണ്ടായ അപകടങ്ങളിൽ കഴിഞ്ഞവർഷം 450- ഓളം പേർ മരിക്കാനിടയായതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും നടക്കുന്നിടങ്ങളിൽ അപകടങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) റോഡ്, പാലം എന്നിവയുടെ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ സുരക്ഷാ മുൻകരുതൽ നടപടികൾക്ക് പ്രോട്ടോകോൾ രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഗ്രീൻഫീൽഡ് പാതയുടെ പുരോഗതി

1193 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ഗ്രീൻഫീൽഡ് പാതയുടെ പുരോഗതിയും, അതിനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ?

## പാലാ റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിനുള്ള നടപടി

1194 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിനായി ആർ.വി. പാർക്കിന് സമീപം 1 ആർ സ്ഥലം കൂടി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുകൂടി ഫണ്ട് അനുവദിച്ച് റിവർവ്യൂ റോഡ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാരപ്പൊറ്റ ചൂലിപ്പാടം റോഡ്

1195 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി എന്ന് ആരംഭിച്ച് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് സ്ഥലം

1196 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് പൊതുമരാമത്ത് വകുപ്പിന്റെ (ദേശീയപാത വിഭാഗം) കീഴിലുള്ള സ്ഥലം അനുവദിക്കുന്നതിന്റെ (ഫയൽ-13/ഡി3/2023/പി.ഡബ്ല്യൂ.ഡി. (കംപ്യൂട്ടർ നം-2413922) നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം കൂടാതെ തുടർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## തീരദേശ ഹൈവേക്കും മലയോര ഹൈവേക്കും ചെലവഴിച്ച തുക

1197 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ ഹൈവേക്കും മലയോര ഹൈവേക്കും ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സെൻട്രൽ റോഡ് ഫണ്ട് ഇനത്തിൽ ലഭിച്ച തുക ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചിലവഴിച്ചത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കടപ്ര-വീയപുരം റോഡ്

1198 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരുന്ന കടപ്ര-വീയപുരം റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ രണ്ടാം ഘട്ടത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ റോഡുകൾ

1199 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആകെ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്നും അതിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ അവശേഷിക്കുന്ന മണ്ഡലത്തിലെ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വരട്ടാർ-കല്ലിശ്ശേരി-ഇരവിപേരൂർ റോഡ് നിർമ്മാണ പ്രവൃത്തികൾ

1200 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി റോഡിലെ വരട്ടാർ പാലത്തിൽ നിന്നും കല്ലിശ്ശേരി-ഇരവിപേരൂർ റോഡിലേക്കുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച കരാർ അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ

1201 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയ കുറ്റ്യാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2023-24 സാമ്പത്തിക വർഷം അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്ന കാര്യം അറിയിക്കാമോ?

## കീഴ്മാടം-കുന്നോത്തുപറമ്പ് റോഡ്

1202 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കീഴ്മാടം - കുന്നോത്തുപറമ്പ് റോഡ് പ്രവൃത്തിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള കടവത്തൂർ മുതൽ കല്ലിക്കണ്ടി വരെയുള്ള റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ തടസങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ തുക ഈടാക്കിയുള്ള പാർക്കിങ്

1203 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ വശങ്ങളിൽ തുക ഈടാക്കി പാർക്കിങ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം തുക ഈടാക്കി പാർക്കിങ് അനുവദിക്കുന്നതിന് പൊതുമരാമത്തു വകുപ്പ് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ പിരിക്കുന്ന തുകയുടെ വിഹിതം പൊതുനിരത്തുകളുടെ സംരക്ഷണത്തിനായി വകുപ്പിന് തദ്ദേശസ്ഥാപനങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കാൽനടയാത്രക്കാർക്കും, റോഡ് ടാക്സ് ഉൾപ്പെടെ നൽകുന്ന വാഹനങ്ങൾക്കും സുഗമമായി യാത്രചെയ്യേണ്ട പൊതുനിരത്തുകളിൽ ആയതു തടസ്സപ്പെടുത്തുന്ന രീതിയിൽ തിരക്കേറിയ സ്ഥലങ്ങളിലുൾപ്പെടെ പാർക്കിങ് അനുവദിക്കുന്നത് നിയമവിധേയമായാണോ; വിശദമാക്കാമോ?

## സംസ്ഥാനപാത

1204 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-വഴിമുക്ക് പാതയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ ;

(ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള സംസ്ഥാനപാത വീതി കൂട്ടുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കുന്ന പ്രവൃത്തി

1205 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18ലെ ബഡ്ജറ്റിൽ 50 കോടി രൂപ അനുവദിച്ചിട്ടുള്ള തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി

വികസിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി കരാറുകാരന് സൈറ്റ് കൈമാറിയത് എന്നാണെന്നും പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പുതുക്കിയ ഡി.പി.ആർ. പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിച്ചത് എന്നാണെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ അന്തിമാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>തങ്കളം-കാക്കനാട് നാലുവരിപ്പാത</u>

1206 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് സ്കീം</u>

1207 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇപ്രൂവ്മെന്റ് സ്കീമിൽപ്പെട്ട സരോവരം-കളിപൊയ്ക മേൽപാലം ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഗാന്ധി റോഡ് മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം. വരെ ഗതാഗതത്തിന് ഉപയുക്തമാക്കുന്ന പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സി.ഡബ്ല്യൂ.ആർ.ഡി.എം.-പനാത്ത്താഴം വരെ നിർമ്മിച്ച ഒന്നാംഘട്ട റോഡും എൻ.എച്ച്-66 ന്റെ നിർമ്മാണം മൂലവും ഉണ്ടാകുന്ന തടസ്സം നീക്കുന്നതിന് നേതാജി ജംഗ്ഷനിൽ മേൽപാലം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിന്റെ പുനരുദ്ധാരണം</u>

1208 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ ബിറ്റുമിൻസ് കോൺക്രീറ്റ് ( ബി. സി.) ഓവർലേ പ്രവൃത്തി നടപ്പിലാക്കിയതിനുശേഷം തകരാറിലായ ഭാഗങ്ങൾ

പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡ് നിർമ്മാണം

1209 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷനുവേണ്ടി ഒന്നര കോടി രൂപ അനുവദിച്ച് നടപടികൾ പൂർത്തിയായെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പേരാമ്പ്ര എം.എൽ.എ. നൽകിയ കത്തിന്മേൽ വനം വകുപ്പ് നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വകുപ്പ്തലത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## തലപ്പാടി-കാളികാവ് റീച്ചിലെ ദേശീയപാത നിർമ്മാണ പ്രവർത്തനം

1210 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 66-ആറുവരി ദേശീയപാത നിർമ്മാണ പ്രവർത്തനം കാസർകോട് ജില്ലയിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആറുവരി പാതയിൽ തലപ്പാടി മുതൽ കാളികാവ് വരെ എത്ര ഫ്ലൈ ഓവറുകളും, അടിപ്പാതകളും, ഫുട്ട് ഓവർ ബ്രിഡ്ജുകളും ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) താങ്ങുമതിൽ (റീടെയ്നിംഗ് വാൾ), അപ്രോച്ച് സർവ്വീസ് റോഡ്, സൈഡ് പ്രൊട്ടക്ഷൻ എന്നിവ സംബന്ധിച്ച് വിശദാംശം നൽകാമോ;

(ഡി) തലപ്പാടി മുതൽ കാളികാവ് വരെയുള്ള റീച്ചുമായി ബന്ധപ്പെട്ട അംഗീകരിച്ച പ്ലാനും പ്രൊഫൈലും, ടെക്നിക്കൽ ഷെഡ്യൂൾസ് എ, ബി, സി, ഡി-യും അനുബന്ധങ്ങളും, മേൽ പാലങ്ങളുടെ വിശദമായ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗും, ടി.സി.എസും (Typical Cross Section Applicable to the Project Area with Chainage) തുടങ്ങിയ ടെക്നിക്കൽ ഡോക്യുമെന്റ്സ് ലഭ്യമാക്കാമോ;

(ഇ) പ്രധാന കാര്യേജ് വേയുടെ നിർമ്മാണം സർവ്വീസ് റോഡുകൾ പൂർത്തീകരിക്കുന്നതിന് മുമ്പ് തുടങ്ങാനുള്ള കാരണങ്ങൾ വിശദമാക്കാമോ; ഇതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നവകേരള സദസ്സിന്റെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

1211 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നഗര റോഡു വികസനപദ്ധതികൾ

1212 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഈ സർക്കാർ ഏതൊക്കെ നഗരങ്ങളിൽ നഗര റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണപ്രവൃത്തികൾ എപ്പോൾ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) കണ്ണൂർ നഗരറോഡ് വികസന പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

## കരമന-വെള്ളറട റോഡ് നിർമ്മാണം

1213 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട റോഡ് നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എത്ര മീറ്റർ വീതിയിലാണ് നിർമ്മാണം നടത്തുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും അതിലേക്ക് ആവശ്യമുള്ള തുകയും അറിയിക്കാമോ;

(സി) പൊതുമരാമത്തു വകുപ്പിന്റെ ഏതു വിഭാഗത്തിനാണ് പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ചുമതലയെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകളുടെ നവീകരണം

1214 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ തിരൂർക്കാട്-ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ കാലപ്പഴക്കം കൊണ്ടും അതിതീവ്ര മഴകാരണവും ദീർഘകാലമായി ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡുകൾ ഏറ്റവും ഒടുവിലായി ബിഎം ആൻഡ് ബിസി ചെയ്ത് നവീകരിച്ചത് എന്നാണ്; ഇവ നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിക്കുമോ?

<u>**റോഡ് നിർമ്മാണ രീതികളിലെ നൂതന സാങ്കേതികവിദ്യകൾ**</u>

1215 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണ രീതികളിൽ എന്തൊക്കെ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം പ്ലാസ്റ്റിക്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കുമോ;

(സി) കയർ ഭൂവസ്ത്രം ചേർത്തുള്ള റോഡ് നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>**കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**</u>

1216 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതുമരാമത്ത് റോഡ്/പാലം നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

<u>**കോഴിക്കോട് അരയിടത്തു പാലം റോഡ് വികസനം**</u>

1217 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരയിടത്തു പാലം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തിയുടെ കണ്ടിജന്റ് ചിലവുകൾക്ക് പണം അനുവദിച്ചിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോതമംഗലം റോഡ് സെക്ഷന്റെ കീഴിൽ നൽകിയിട്ടുള്ള റണ്ണിങ് കോൺട്രാക്ട്

1218 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ പി.ഡബ്ല്യൂ.ഡി റോഡ് സെക്ഷൻ കോതമംഗലത്തിന്റെ കീഴിൽ നൽകിയിട്ടുള്ള റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്-ൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

1219 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സിൽ (എസ്.എൽ.ടി.എഫ്.) ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും; അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവർത്തനങ്ങളുടെ പുരോഗതി

1220 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ ഇളമണ്ണൂർ-കലഞ്ഞൂർ-പാടം റോഡ്, ആനയടി-കൂടൽ റോഡ്, പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) കോന്നി മണ്ഡലത്തിലെ ഐരവൺ പാലം, കരിമാൻതോട് പാലം, ചിറ്റൂർ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) കോന്നി മണ്ഡലത്തിലെ സീതത്തോട്-കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ഡി) കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവഹണം നടത്തുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്

1221 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ് (ഒ.പി.ബി.ആർ.സി.) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നടപടി

1222 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 8 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതിനോ ഒറ്റത്തവണ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനോ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രധാന ജില്ലാ റോഡുകളേയും ദേശീയ-സംസ്ഥാനപാതകളേയും ബന്ധിപ്പിക്കുന്ന തിരക്കേറിയ പഞ്ചായത്ത് റോഡുകളായ കങ്ങഴ പഞ്ചായത്തിലെ കാളച്ചന്ത പരുത്തിമൂട്, എംഎൽഎ പടി പുളിക്കൽ കവല, വാഴൂർ പഞ്ചായത്തിലെ പാറാംതോട് കളപ്പുരയിടം, കറുകച്ചാൽ പഞ്ചായത്തിലെ കുത്രപ്പള്ളി പാലമറ്റം എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് അതത് പഞ്ചായത്തുകൾ പ്രമേയം പാസാക്കി ലഭ്യമാക്കിയാൽ പ്രത്യേകമായി പരിഗണിക്കാമോ;

(സി) അത്തരം പദ്ധതികൾ നിലവിലില്ലായെങ്കിൽ ഈ ആവശ്യവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾക്ക് ആയത് വ്യക്തമാക്കി മറുപടി ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വാഴൂർ, കറുകച്ചാൽ സെക്ഷനുകൾക്ക് നിർദ്ദേശം നല്കാമോ?

## ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ

1223 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരദേശമേഖലകളിലെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളിലേക്കുള്ള റോഡായ ഒളവ-ഉടുംബുംന്തല-ആയിറ്റി പൊതുമരാമത്ത് റോഡ് പരിഷ്കരിച്ച് ചെക്ക്ഡാം ചെയ്ത് ഗതാഗത യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത റോഡ് ഈ വർഷം തന്നെ പരിഷ്കരിക്കുമോ; വിശദാംശം നൽകാമോ?

## കഴുതുരുട്ടി-അമ്പനാട് എസ്റ്റേറ്റ് റോഡ് പുനരുദ്ധാരണം

1224 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തിരുമംഗലം നാഷണൽ ഹൈവേയിൽ കഴുതുരുട്ടി ജംഗ്ഷനിൽ നിന്ന് അമ്പനാട് എസ്റ്റേറ്റ് വരെയുള്ളതും, പി.ഡബ്ല്യു.ഡിയുടെ ആസ്തിയിൽ വരുന്നതുമായ റോഡ് എട്ട് കിലോമീറ്റർ ദൂരം പൂർണമായും തകർന്ന് കാൽനടയാത്രയ്ക്ക് പോലും അസാധ്യമായി തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ഡിവിഷൻ, പുനലൂർ റോഡ് സെക്ഷന്റെ മേൽനോട്ടച്ചുമതലയിലുള്ള പ്രസ്തുത റോഡ് തമിഴ്നാടിനോട് ചേർന്നുള്ള ടൂറിസം കേന്ദ്രവും, മേഖലയിലെ അയ്യപ്പ ക്ഷേത്രങ്ങളെ ബന്ധിപ്പിക്കുന്ന തീർഥാടന ടൂറിസം മേഖലയും, അമ്പനാട് എസ്റ്റേറ്റ് വഴിയുള്ള സാഹസിക ടൂറിസം പ്രദേശവുമായതിനാൽ റോഡ് പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ 12 വർഷക്കാലയളവിനുള്ളിൽ പ്രസ്തുത റോഡിന് പൂർണ്ണമായ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്നതിനാൽ പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിനായി ഉചിത മാർഗ്ഗേണ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

1225 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ 2019-20 മുതൽ 2024-25 വരെയുള്ള കാലയളവുകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലുള്ള പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ;

(സി) നിരവധി വർഷങ്ങളായിട്ടും മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ റോഡിന്റെ ബി.എം&ബി.സി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; സാങ്കേതിക തടസ്സങ്ങൾ നീക്കി എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

**<u>കോഴിക്കോട് നഗരത്തിലെ തീരദേശ റോഡുകളുടെ വികസനം.</u>**

1226 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ തീരദേശ റോഡുകളുടെ വികസന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>നാട്ടിക മണ്ഡലത്തിലെ കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ പാതയുടെ നിർമ്മാണം</u>**

1227 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയുടെ വികസനം നടന്നുകൊണ്ടിരിക്കുന്ന നാട്ടിക നിയോജകമണ്ഡലം ഉൾപ്പെടുന്ന പാലക്കൽ മുതൽ കരുവന്നൂർ വരെയുള്ള പ്രദേശങ്ങളിൽ കെ.എസ്.ടി.പി. നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകും; ഇതിനോടകം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ 6 മാസത്തിനുള്ളിൽ നിർമ്മിക്കുമെന്ന് 2023-ൽ കെ.എസ്.ടി.പി. ഉദ്യോഗസ്ഥർ ജനപ്രതിനിധികൾക്ക് വാഗ്ദാനം നൽകി നാളിതുവരെ കഴിഞ്ഞിട്ടും അവ പൂർത്തിയാകാത്തത് എന്തുകൊണ്ട്;

(സി) 2022-23 സാമ്പത്തികവർഷത്തിൽ നാട്ടിക എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പ്രസ്തുത പാതയിൽ പെരുമ്പിളിശ്ശേരി, പൂച്ചിന്നിപ്പാടം സെന്ററിൽ

ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കാൻ തുക അനുവദിച്ചിട്ടും കെ.എസ്.ടി.പി. പ്രൊജക്റ്റ് ഡയറക്ടർ അനുമതി നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാത കടന്നു പോകുന്ന പ്രധാന സെന്ററായ പെരുമ്പിളിശ്ശേരിയിൽ ഇരു സൈഡിലും 2024 ഡിസംബറിനുള്ളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കാൻ സാധിക്കുമോ; ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം കെ.എസ്.ടി.പി. പൂർത്തീകരിച്ചില്ലെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നിർമ്മാണം നടത്തുന്നതിന് കെ.എസ്.ടി.പി-ക്ക് നിരാക്ഷേപപത്രം നൽകാൻ സാധിക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സംസ്ഥാന പാതകളുടെ അറ്റകുറ്റപണികൾ

1228 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ സംസ്ഥാന പാതകളുടെ അറ്റകുറ്റ പണികൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര രൂപ ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## തീരദേശ ഹൈവേയുടെ നിർമ്മാണ നടപടികൾ

1229 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിൽ എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ റോഡിന്റെ സർവെ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ?

## കണ്ണാടി-പന്നിക്കോട് റോഡ് പദ്ധതി

1230 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ, പാലക്കാട് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ കിഫ്ബി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണവും അറ്റകുറ്റപണികളും ബജറ്റ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖാന്തിരം പ്രായോഗികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

1231 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പുനരുദ്ധാരണം ആവശ്യമായ പി.ഡബ്ല്യു.ഡി റോഡുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ അരിക്കാടി-പുത്തിഗെ റോഡ് വികസനം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തി</u>

1232 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലുള്ള സംസ്ഥാന പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തി മൂന്ന് വർഷവും എട്ടു മാസവും കഴിഞ്ഞിട്ടും പൂർത്തിയാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്കായി കരാറെടുത്ത കമ്പനിയെ ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന വിശദമാക്കുമോ?

## <u>മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം</u>

1233 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം ഇപ്പോൾ എത്ര ശതമാനം പൂർത്തിയായെന്നും, പ്രവൃത്തി സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് നാളിതുവരെയായി എത്ര രൂപയാണ് നൽകിയതെന്നും, ഇനി എത്ര രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ടി.പി. നിർമ്മാണം നടത്തുന്ന റോഡുകളുടെ പ്രശ്നങ്ങളും പ്രവൃത്തിയുടെ പുരോഗതിയും വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് പ്രകാരം പ്രസ്തുത റോഡിന്റെ നിർമ്മാണം

സംബന്ധിച്ച പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കെ.എസ്.ടി.പി. നിർമ്മാണം നടത്തുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## സർവ്വേ നടപടികൾ

1234 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പിയുകെസി) റോഡിൽ, ഉള്ളിയേരിവരെ വീതികൂട്ടി നവീകരിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി-റവന്യൂ ജോയിന്റ് സർവ്വെ പൂർത്തികരിച്ച് അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ സർവ്വെ നടപടി പൂർത്തിയാക്കുന്നതിനായി റവന്യൂ വകുപ്പിനോട് എപ്പോഴാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് കെ.ആർ.എഫ്.ബി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ ദേശീയപാത വികസനം

1235 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതാ വികസനത്തിന് കാലതാമസം നേരിടുന്നവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവൃത്തി വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ ദേശീയപാത വികസനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

## മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമിക്ക് പകരം ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി

1236 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലയിൽ വനഭൂമിക്ക് പകരം ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് സ്വകാര്യ വ്യക്തികളുടെ ഭൂമി വിലകൊടുത്ത് വാങ്ങി വനംവകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തി

1237 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**സ്മാർട്ട് റോഡ് നിർമ്മാണം**

1238 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് റോഡ് നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ സാധിക്കാത്തത് കാരണം ജനങ്ങൾ ദുരിതം അനുഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞിട്ടും നിരവധി തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടും സ്മാർട്ട് റോഡിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സ്മാർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഔട്ടർ റിങ് റോഡിനായി പൊളിച്ച് മാറ്റേണ്ട നിർമ്മിതികളുടെ മൂല്യനിർണയം**

1239 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിനായി പൊളിച്ച് മാറ്റേണ്ട നിർമ്മിതികളുടെ മൂല്യനിർണയം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊളിച്ച് മാറ്റേണ്ട കെട്ടിടങ്ങളുടെ വില നിർണയത്തിനും നഷ്ടപരിഹാരം തീരുമാനിക്കുന്നതിനും എന്തൊക്കെ മാനദണ്ഡങ്ങളാണ് പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മിതികളുടെ കാലപ്പഴക്കം നോക്കി വില നിർണയിക്കുമ്പോൾ നഷ്ടപരിഹാരം വളരെ കുറയുവാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മിതികളുടെ കാലപ്പഴക്കനിർണയം ഒഴിവാക്കി മതിയായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ; വിശദാംശം നൽകുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ ബി.എം&ബി.സി റോഡുകൾ

1240 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം ആന്റ് ബി.സി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇനി എത്ര കിലോമീറ്റർ റോഡ് ബി.എം ആന്റ് ബി.സി നിലവാരത്തിലേയ്ക്ക് ചേർക്കുമെന്ന് വ്യക്തമാക്കാമോ?

## റോഡിലെ കുഴികളിൽ വീണുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം

1241 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞതിന്റെയോ അപകടത്തിൽപ്പെട്ടതിന്റെയോ പേരിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെയോ കരാറുകാരുടെയോ പേരിൽ കേസെടുക്കുകയോ അറസ്റ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടയുകയോ അപകടത്തിൽപ്പെടുകയോ ചെയ്താൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) യഥാസമയം റോഡ് നവീകരിച്ച് പരിപാലിക്കാത്തതു മൂലം അപകടത്തിൽ ഇരകളാകേണ്ടി വരുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പി.ഡബ്ല്യൂ.ഡി. റോഡിന്റെ നാമകരണം

1242 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് മുതൽ കുത്താട്ടുകുളം വരെയുള്ള റോഡിൽ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്ക സമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് 'മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ്' എന്ന് നാമകരണം ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നാമകരണം സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പ്രധാന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(സി) നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും, ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**നെന്മാറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

1243 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മേനി-സീതാർകുണ്ട് , പിട്ടുപ്പീടിക-കോളോട്-മാങ്ങോട് എന്നീ റോഡുകളുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മലയോര ഹൈവേ**

1244 **ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശത്തിന്റെ വികസനവും ടൂറിസം മേഖലയുടെ അനന്ത സാധ്യതകളും ലക്ഷ്യം വച്ച നടപ്പാക്കുന്ന മലയോരപാത എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന വ്യക്തമാക്കുമോ;

(ബി) മലയോരപാതകളുടെ പ്രവൃത്തിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) മലയോര ഹൈവേയിലെ പാലങ്ങൾ പുനർനിർമ്മിക്കാൻ പദ്ധതികളുണ്ടോ; വിശദമാക്കുമോ;

(ഡി) മലയോര ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെ വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ ഏഴക്കാട്-വേലിക്കാട് റോഡ്**

1245 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 2.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ ഏഴക്കാട്-വേലിക്കാട് റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം**

1246 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കും അതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>പാലാ ബൈപാസ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി</u>

1247 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏറ്റെടുക്കേണ്ട സ്ഥലത്തിന് നൽകേണ്ട നഷ്ടപരിഹാരത്തുക അർഹമായ ആളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരത്തുക അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ബൈപാസ് നിർമ്മാണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ സംസ്ഥാന, ദേശീയപാത പാതകൾ</u>

1248 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സംസ്ഥാന, ദേശീയപാതകൾ പൂർണ്ണമായി ഉപരിതലം പുതുക്കിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാതകളിൽ ഇപ്പോൾ രൂപപ്പെട്ട ഗർത്തങ്ങളിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും, ഉപരിതലം പുതുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ചെർക്കളം-ജാൽസൂർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## <u>കൊരട്ടി-ഓരുങ്കൽതടം-കരിമ്പിൻതോട് റോഡിന്റെ പുനർനാമകരണം</u>

1249 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ കാലത്തും മറ്റും ഏറെ ഗതാഗത തിരക്കുള്ള പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി കൊരട്ടി-ഓരുങ്കൽതടം-കരിമ്പിൻതോട് റോഡിനെ എരുമേലി ബൈപ്പാസ് റോഡായി പ്രഖ്യാപിച്ച് അപ്രകാരം പുനർനാമകരണം ചെയ്ത് ദീർഘദൂര

യാത്രക്കാരുടെ വാഹനങ്ങൾ പ്രസ്തുത റോഡ് വഴി തിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തേനാരി-കൊച്ചിൻ ഫ്രണ്ടിയർ റോഡ്

1250 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ തേനാരി-കൊച്ചിൻ ഫ്രണ്ടിയർ റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനം

1251 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡ് സംസ്ഥാന പാതയായി അംഗീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാതയുടെ വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വളരെയേറെ ഗതാഗത തിരക്കുള്ള ഈ പാതയുടെ വികസന പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## എലിവേറ്റഡ് ഹൈവേ

1252 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഡൈവേർഷൻ റോഡുകളായി ദേശീയപാത അതോറിറ്റിക്ക് കൈമാറിയ പൊതുമരാമത്ത് റോഡുകൾ പൊട്ടിപൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

1253 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് മഴക്കാലത്ത് പൊട്ടിപൊളിഞ്ഞ് യാത്രാക്ലേശം നേരിടുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള റോഡുകളുടെ അടിയന്തരമായ പുനർനിർമ്മാണ പ്രവൃത്തികൾക്ക്

എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>മട്ടന്നൂർ മണ്ഡലത്തിലെ പൂവ്വംപൊയിൽ എൽ.പി.സ്കൂൾ കെട്ടിട നിർമാണം</u>**

1254 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ ഗ്രാമപഞ്ചായത്തിലെ പൂവ്വംപൊയിൽ എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് കെട്ടിടം തുറന്നുകൊടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോളേജ്, സാംസ്കാരിക കേന്ദ്രം, ഐ.ടി.ഐ കെട്ടിട നിർമ്മാണങ്ങൾ</u>**

1255 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, വെള്ളിക്കോത്ത് വിദ്വാൻ പി.കേളു നായർ ദേശീയ സാംസ്കാരിക കേന്ദ്രം, കോടോത്ത് ഗവ. ഐ.ടി.ഐ. എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>തിരുവമ്പാടി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് നിർമ്മാണം</u>**

1256 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയ തിരുവമ്പാടി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് നിർമ്മാണത്തിന് വിശദമായ ഡിപിആർ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷന് ഭരണാനുമതി ലഭിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേഷന് ഭരണാനുമതി നൽകുന്നതിനും അന്തിമ ഭരണാനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ</u>**

1257 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായിട്ട് നാളിതുവരെ ടെണ്ടർ ആകാത്ത പ്രവൃത്തികൾ എതൊക്കെയാണെന്നും ടെണ്ടർ ആയിട്ടില്ലെങ്കിൽ ആയത് വൈകുന്നതിനുള്ള

കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കരാർ എടുത്തിട്ട് ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എതൊക്കയെന്നും കരാർ എഗ്രിമെന്റ് വച്ച തീയതി എന്നായിരുന്നുവെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് അനുവദനീയമായ സമയപരിധി കഴിഞ്ഞിട്ടും തുടങ്ങാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും അത്തരത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ കെട്ടിടനിർമ്മാണം

1258 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ നെന്മാറ മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. കെട്ടിടം, കൊടുവായൂർ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മുതലമട ഹൈസ്കൂൾ കെട്ടിടം, പല്ലാവൂർ ജി.എൽ.പി. സ്കൂൾ കെട്ടിടം എന്നിവയുടെ പ്രവൃത്തികൾ ഇതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

## അരുവിക്കര മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണം

1259 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പാലങ്ങൾ നിർമ്മിക്കുന്നതിനായി പുതിയ പ്രൊപ്പോസലുകൾ ഏതെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച പ്രതീക്ഷിത ചെലവ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

## വടക്കഞ്ചേരി പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ്

1260 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് രണ്ടാംഘട്ട പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ ?

## പുതുക്കോട് സർവജന എച്ച്.എസ്.എസ്.ലെ പുതിയ കെട്ടിട നിർമ്മാണം

1261 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവജന എച്ച്.എസ്. സ്കൂൾ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം (10 കോടി) നിലവിൽ ഏത് ഘട്ടത്തിലാണ്;

വ്യക്തമാക്കാമോ?

## പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ ജി.എസ്.ടി.

1262 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ജി.എസ്.ടി. ഈടാക്കാറുണ്ടോ; ഇത് സംബന്ധിച്ച് സി.&എ.ജി.-യുടെ ആഡിറ്റ് ഒബ്ജക്ഷന് മറുപടി നൽകിയോ;

(ബി) പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ കരാറിലൂടെ പ്രവർത്തിക്കുന്ന എത്ര ഭക്ഷണ ശാലകൾ നിലവിലുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കാഞ്ഞാണി-ചാവക്കാട് പാതയിലെ പാവറട്ടി സെന്റർ നവീകരണം

1263 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് പാതയിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സെന്ററിന്റെ നവീകരണത്തിന്റെ ഭാഗമായി സൗജന്യമായി സ്ഥലം നൽകുന്നതിന് സന്നദ്ധമായ പാവറട്ടി സെന്റ് ജോസഫ് മൊണാസ്ട്രിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മതിൽ പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിക്കണമെന്ന ധാരണ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സെന്റർ നവീകരണ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണ്;നൽകിയ;

(ഡി) എന്നാണ് പ്രവൃത്തി ആരംഭിച്ചതെന്നും പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

## തുരുത്തിമുക്ക് കരിയാട് പാലം നിർമ്മാണം

1264 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിനേയും കൂത്ത്പറമ്പ് മണ്ഡലത്തിലെ കരിയാടിനേയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് കരിയാട് പാലം നിർമ്മാണത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) നിർമ്മാണത്തിന് ആവശ്യമായ അധിക ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## എറണാകുളം മണ്ഡലത്തിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലം

1265 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലം പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷത്തിലാണെന്നും മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല

ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നതെന്നും എത്ര രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; എത്ര സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടതെന്നും സ്ഥലമേറ്റെടുക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ഇന്ത്യൻ നാവിക സേനയുടെ ബേസ്, കൊച്ചി കപ്പൽശാല തുടങ്ങിയ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

## ചെമ്മേൽചിറയിൽ തോടിന് കുറുകെ പാലം

1266 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഹിനൂർ-പുത്തൂർ പള്ളിക്കൽ-കുമ്മിണിപ്പറമ്പ്-എയർപോർട്ട് റോഡിലെ അപകടകരമായ കയറ്റമിറക്കമുള്ള സ്ഥലങ്ങളിലെ വളവുകളും അലൈൻമെന്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ചെമ്മേൽചിറയിൽ തോടിനു കുറുകെ റോഡിന്റെ അലൈൻമെന്റിലെ വളവ് തീർത്ത് പാലവും അനുബന്ധ റോഡിന്റെ നവീകരണവും നടത്തുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ തുകയായ എട്ട് ലക്ഷം രൂപ (പി.ഡബ്ല്യു.ഡി./ബി.ആർ/ഇ.എസ്.റ്റി/8377/2024) യുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച നിരത്ത് ചീഫ് എഞ്ചിനിയറുടെ ഓഫീസിൽ പരിശോധിക്കുന്ന പ്രപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## കളരിയാമക്കൽ പാലം ഗതാഗതയോഗ്യമാക്കാനുള്ള നടപടി

1267 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം ഗതാഗതയോഗ്യമാക്കുന്നതിന് അപ്രോച്ച് റോഡ് പൂർത്തിയാക്കാൻ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രോച്ച് റോഡ് പൂർത്തീകരിച്ച് പാലം ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽപാലം

1268 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽ പാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര റെയിൽവേ മേൽപാലം

നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ആനങ്ങാടി റയിൽവേ ക്രോസിന് കുറുകെ റെയിൽവെ മേൽപ്പാലം

1269 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ-കടലുണ്ടി പാതയിൽ തീരദേശ ഭാഗത്ത് നിന്നും കാലിക്കറ്റ് സർവ്വകലാശാലയിലേക്കും നാഷണൽ ഹൈവേ 66-ലേക്കും കാലിക്കറ്റ് എയർപോർട്ടിലേക്കും എത്താവുന്ന പരപ്പനങ്ങാടി നിരത്ത് സെക്ഷന് കീഴിലെ കടലുണ്ടി-ചെട്ടിയാർമാട് റോഡിലെ ഗതാഗത കുരുക്ക് ഒഴിവാക്കാൻ ആനങ്ങാടി റെയിൽവേ ക്രോസിന് കുറുകെ റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച നടപടികളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ?

## മുദിയംപാലം നിർമ്മാണത്തിന്റെ പുരോഗതി

1270 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അധിക സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിലവിൽ സർക്കാർ തലത്തിൽ ഫയലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്. (CRZ) ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം

1271 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 03.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള ഡ്രോയിങ്ങ് ഉൾപ്പെടെയുള്ള റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും അധികവിവരങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ച് കടക്കുമ്പോളുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**പാലങ്ങളുടെ നിർമ്മാണം**

1272 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന് കുറുകെയുള്ള കനീസാകടവ്, കോയിക്കൽ പടിക്കൽ, മാർക്കറി എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് ഉൾനാടൻ ജലഗതാഗത അതോറിറ്റി കൊടുത്തിട്ടുള്ള നിരാക്ഷേപ പത്രത്തിൽ വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകി പാലങ്ങൾ നിർമ്മാണം നടത്തുന്നത് ഈ മൂന്ന് പാലങ്ങളുടെയും കാര്യത്തിൽ പ്രായോഗികമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ കനാലിന് കുറുകെയുള്ള മറ്റ് പാലങ്ങൾക്ക് 2 മീറ്ററിൽ താഴെ മാത്രം ജലനിരപ്പിൽ നിന്ന് ഉയരമുള്ളതുകൊണ്ട് നിലവിൽ ജലഗതാഗത യോഗ്യമല്ലാത്ത സാഹചര്യം നിലനില്ക്കെ പുതിയതായി ഭരണാനുമതി ലഭിച്ച പാലങ്ങൾ വേലിയേറ്റ നിരപ്പിൽ നിന്നും 3 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**പാടിയിൽകടവ് പാലം നിർമ്മാണം**

1273 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്ന പാടിയിൽകടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ടെണ്ടറിലെ അധിക തുകയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എത്രയും വേഗത്തിൽ തുടങ്ങാൻ ആവശ്യമായ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

**തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം**

1274 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ ?

**വടുതല റെയിൽവേ മേൽപാലം**

1275 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടുതല റെയിൽവേ മേൽപാലം പദ്ധതി നിർദ്ദേശിച്ചത് ഏത് കാലഘട്ടത്തിലാണെന്നും അന്ന് പ്രോജക്ടിനായി വകയിരുത്തിയിരുന്ന തുക

എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് പൂർത്തിയായോയെന്ന് അറിയിക്കുമോ; പദ്ധതി നടപ്പിലാക്കാനായി ആർ.ബി.ഡി.സി.കെ.യ്ക്ക് (റോഡ്സ് & ബ്രിഡ്ജസ് ഡിവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) കൈമാറിയ സ്ഥലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; നഷ്ടപരിഹാര തുക എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ; ഇനി ഏറ്റെടുക്കാനുള്ളത് എത്ര കക്ഷികളുടെ സ്ഥലമാണ് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

## തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണ പുരോഗതി

1276 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വല്ല തടസങ്ങളും നിലവിലുണ്ടോ, ഇല്ലെങ്കിൽ പാലം എപ്പോൾ യാഥാർത്ഥ്യമാവുമെന്ന് വ്യക്തമാക്കുമോ?

## മഞ്ചേരി മണ്ഡലത്തിലെ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി

1277 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും 969 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ചെറയക്കോട് പാലത്തിന് സി.ആർ.ഐ.എഫ്-സേതുബന്ധൻ പദ്ധതിയിലും ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പാലത്തിന് വകുപ്പ് നേരത്തെ നല്കിയ ഭരണാനുമതിക്ക് പകരമായി എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ തന്നെ പുളിയന്തോട് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുളിയന്തോട് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വിശദമാക്കുമോ?

## കുരുത്തിക്കോട് പാലം

1278 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കുരുത്തിക്കോട് പാലം പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ ?

## പരവൂർ പുഴക്കടവ് പാലം നിർമ്മാണം

1279 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നഗരസഭയെ കരവാരം ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിന് വാമനപുരം നദിക്ക് കുറുകെ നിർമ്മിക്കുന്ന പരവൂർ പുഴക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം

1280 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റെയിൽവേ നിർദ്ദേശിച്ച എല്ലാ മാനദണ്ഡങ്ങൾക്കും അനുസരിച്ച് അലൈൻമെന്റിലടക്കം മാറ്റം വരുത്തുകയും, കിഫ്ബി ഫണ്ട് ഉപയോഗിച്ച് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയും ചെയ്ത പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാകുമോ;

(സി) നന്തിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണത്തിനാവശ്യമായ അനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

## ഇരവിപുരം മണ്ഡലത്തിലെ റെയിൽവേ മേല്പാലങ്ങൾ

1281 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഇരവിപുരം മണ്ഡലത്തിൽ എത്ര റെയിൽവേ മേല്പാലങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും, ഓരോന്നിനും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണം

1282 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഓടന്നൂർ, എഴുത്തോംപാറ എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഡിസൈനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഡിസൈനിന് അംഗീകാരം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അടിയന്തരമായി

നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ തീയതി സഹിതമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരിക്കാൻ നടപടി

1283 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക മാറി നൽകാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശിക എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ജി.എസ്.ടി. നിയമത്തിന് അനുസൃതമായി പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത മാനുവൽ പ്രകാരം കരാറുകാർക്ക് ജി.എസ്.ടി. നികുതി നിരക്കിലെ അന്തരം മൂലം സംഭവിച്ച നഷ്ടം നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിലവിൽ സർക്കാർ കരാറുകാരന് എം.ബുക്കിൽ കരാർ പ്രവൃത്തികൾ രേഖപ്പെടുത്തുന്ന തീയതി മുതൽ ജി.എസ്.ടി. ഒടുക്കുവാനുള്ള ബാധ്യത വന്നുചേരുന്നതിനാൽ ജി.എസ്.ടി. നിയമത്തിലെ 18% പലിശ ബാധ്യതകൂടി കരാറുകാരൻ ഒടുക്കേണ്ടതായി വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പൊതുമരാമത്ത് മാന്വൽ പരിഷ്കരണം

1284 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കാതലായ എന്തെല്ലാം മാറ്റങ്ങളാണ് പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് മാന്വൽ പരിഷ്കരണത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കരട് രൂപീകരണ വേളയിൽ ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതി

1285 **ശ്രീ വി ജോയി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതി സംസ്ഥാന സർക്കാരിന് എത്രത്തോളം ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

## മലയോര ഹൈവേ

1286 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മലയോര ഹൈവേ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് ജില്ലയിൽ ഇനിയും എത്ര കിലോമീറ്റർ റോഡ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ടെന്നും ഇതിനുള്ള തടസ്സം എന്താണെന്നും അറിയിക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ

1287 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ, ബജറ്റിൽ പ്രഖ്യാപിച്ചതും 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ഏജൻസി ആയിട്ടുള്ളതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1288 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പറക്കുന്നം പാലം നിർമ്മാണം

1289 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പറക്കുന്നം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നതിനുള്ള സാങ്കേതിക തടസ്സം എന്തെന്ന് പറയാമോ; നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

1290 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ഇതിൽ നിർമ്മാണം പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

## സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം

1291 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിന് മതിയായ തുക കേന്ദ്രസർക്കാർ മാറ്റിവയ്ക്കാത്തതു മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), അങ്കമാലി-കുണ്ടന്നൂർ (ദേശീയപാത 544) എന്നീ റോഡുകളുടെ നിർമ്മാണം കേന്ദ്രസർക്കാരിന്റെ നിബന്ധനകളാൽ തടസ്സപ്പെടുന്നതിനുള്ള സാധ്യതയുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന സാഹചര്യത്തിലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പോലുള്ള വികസന പദ്ധതികൾക്ക് ആവശ്യമായ അനുബന്ധ റോഡ് വികസന പദ്ധതികൾക്കായി പരിഗണനയിലുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## വെങ്ങളം-അഴിയൂർ റീച്ചിലെ എൻട്രി- എക്സിറ്റ് പോയിന്റുകൾ

1292 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 66-ന്റെ നിർമ്മാണം പുരോഗമിക്കുന്ന കോഴിക്കോട് ജില്ലയിലെ വെങ്ങളം-അഴിയൂർ റീച്ചിൽ എൻട്രി, എക്സിറ്റ് പോയിന്റുകൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ വെങ്ങളം മുതൽ മൂരാട് പാലം വരെയുള്ള ഭാഗത്ത് ഇത്തരത്തിൽ എത്ര പോയിന്റുകളുണ്ടെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് - പാലക്കാട് പുതിയ ഗ്രീൻഫീൽഡ് ഹൈവേ

1293 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് പുതിയ ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിൽ മലപ്പുറം ജില്ലയിലെ ഭാഗങ്ങളിൽ എത്ര എക്സിറ്റ്/എൻട്രി പോയിന്റുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ പ്രധാന ഗ്രാമീണ, ജില്ലാ റോഡുകളിൽ നിന്നും ഹൈവേയിലേക്ക് കണക്ഷൻ നൽകുന്നതിന് നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിന്റെ ഡിസൈൻ അന്തിമമാക്കുമ്പോൾ എം.എൽ.എ., പഞ്ചായത്ത്- നഗരസഭാ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത ശേഷമേ അലൈൻമെന്റ് പൂർത്തീകരിക്കാവൂ എന്ന നിർദ്ദേശം നൽകുമോ?

## ദേശീയപാത പദ്ധതികൾക്കുള്ള തടസ്സങ്ങൾ

1294 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ദേശീയപാത പദ്ധതികൾക്കുള്ള തടസ്സങ്ങൾ നീക്കിയില്ലെങ്കിൽ ഫണ്ട് നഷ്ടമാകുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയപാത അതോറിറ്റി, ഏതൊക്കെ പദ്ധതികൾ സംബന്ധിച്ച് എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും അവയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ ക്ഷാമം, ഭൂമി ഏറ്റെടുക്കലിന്റെ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിച്ച് ദേശീയപാത പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം

1295 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ തുക ചെലവാക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പാതകൾക്കാണ് തുക

ചെലവാക്കുന്നതെന്നും എത്ര തുകയാണ് ഓരോ പാതയ്ക്കും ചെലവാക്കുന്നതെന്നും വിശദമാക്കാമോ;

(ബി) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ്, റോഡ് നിർമ്മാണം, സർവീസ് റോഡ് നിർമ്മാണം എന്നിവയ്ക്കായി എത്ര തുകയാണ് സംസ്ഥാനം ചെലവാക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) റോഡ് പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>ദേശീയപാത വികസനവുമായി ബന്ധപ്പെട്ട രൂപരേഖ</u>**

1296 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കിയ ഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർവീസ് റോഡുകളുടെ പണി യഥാസമയം പൂർത്തിയാത്തതും ഫ്ലൈ ഓവർ നിർമ്മാണത്തിൽ ഉൾപ്പെടെ അശാസ്ത്രീയ സമീപനങ്ങൾ സ്വീകരിക്കുന്നതും ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പാതകൾക്കു സമീപം വലിയ വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതും കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതും ഉൾപ്പെടെ തദ്ദേശവാസികളായ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**<u>കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി</u>**

1297 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിൽ ഇന്ത്യൻ കോഫിഹൗസ് സ്ഥാപിക്കുന്നതിന് ഭൂമി പാട്ടത്തിന് (ലീസ്) നൽകുന്നതിനുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാറിന്റെ ഇ3/249/2024 നമ്പർ ഫയൽ പ്രകാരം പൊതുമരാമത്ത് ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

**<u>ചേറ്റുവ റോഡിൽ കാനകളുടെ നിർമ്മാണം</u>**

1298 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ ചേറ്റുവ റോഡിൽ കാനകളുടെ നിർമ്മാണ പ്രവൃത്തി സെൻട്രൽ റോഡ്സ് ഫണ്ട് (CRF) ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പുഴയോര ടൂറിസം, കായൽ ടൂറിസം പദ്ധതികൾ**

1299 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയോര ടൂറിസം, കായൽ ടൂറിസം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്നതിന് ഈ പദ്ധതികൾ എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പുഴയോര ടൂറിസം, കായൽ ടൂറിസം എന്നീ പദ്ധതികളിൽ ഉൾപ്പെടുന്ന ജലവിതാനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഇടത്തരം തോടുകളെ വികസിപ്പിച്ചുകൊണ്ടുള്ള ഗ്രാമീണ ജല ടൂറിസം പദ്ധതികളുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

1300 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

**സംസ്ഥാനത്തെ വിവിധ ടൂറിസം പദ്ധതികൾ**

1301 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഏതൊക്കെ ഏജൻസികൾക്കാണ് സർക്കാർ പണം കൈമാറിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) കോവിഡ് മഹാമാരിയും പ്രളയവും കാരണം പ്രതിസന്ധി നേരിട്ട ടൂറിസം മേഖലയ്ക്ക് കൈത്താങ്ങാകാൻ പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(സി) അഗ്രി ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ലൈറ്റ് ഹൗസ് ടൂറിസം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ഇ) വിനോദസഞ്ചാരം മുൻനിർത്തി ലോകോത്തര അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുന്നതിനുള്ള സ്വദേശ് ദർശൻ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

**മുല്ലക്കൊടി ടൂറിസം പദ്ധതി**

1302 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള ട്രാവൽ മാർട്ട്**

1303 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേരള ട്രാവൽ മാർട്ട് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

**ബീച്ച് വാക് വേ-രണ്ടാം ഘട്ടം**

1304 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ബീച്ച് വാക് വേ-രണ്ടാം ഘട്ടം എന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ അതിനു എന്തെങ്കിലും തടസങ്ങളുണ്ടോയെന്നുമുള്ള വിശദാംശം നൽകാമോ?

**ടൂറിസം സർക്ക്യൂട്ട് പദ്ധതി**

1305 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള ടൂറിസം സർക്ക്യൂട്ട് പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**വെൽനെസ് ടൂറിസം**

1306 **ഡോ. എം. കെ. മുനീർ**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെൽനെസ് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വെൽനെസ്സ് കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതി

1307 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയതും നടന്നുവരുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് നൽകിവരുന്ന സഹായങ്ങൾ

1308 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് വ്യവസായ മേഖലയ്ക്ക് സമാനമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പാരമ്പര്യ കെട്ടിടങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിന് ടൂറിസം വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

## ളുങ്ങാംപാറ ഇക്കോടൂറിസം പദ്ധതി

1309 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ളുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിയുടെ നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ലൈഫ് ഗാർഡുമാർക്ക് ഉത്സവബത്ത

1310 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിനു കീഴിൽ എത്ര ലൈഫ് ഗാർഡുമാരാണ് ജോലി ചെയ്യുന്നത്; സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരംതിരിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ലൈഫ് ഗാർഡുമാർക്ക് ഈ വർഷത്തെ ഓണം ഉത്സവബത്ത വിതരണം ചെയ്യാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിരുന്നോ ; ഉത്സവബത്തയായി എത്ര രൂപ വീതം ലഭിക്കുന്നതിനാണ് ടൂറിസം ലൈഫ് ഗാർഡുമാർക്ക് അർഹതയുണ്ടായിരുന്നത്;

(സി) ഉയർന്ന ശമ്പളക്കാരുൾപ്പടെ സംസ്ഥാനത്തെ മറ്റെല്ലാ വിഭാഗം ജീവനക്കാർക്കും ഉത്സവബത്ത അനുവദിച്ചിട്ടും ലൈഫ് ഗാർഡുമാർക്ക് ഉത്സവബത്ത അനുവദിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുന്നതിന് നടപടി

1311 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും പ്രവർത്തനസമയം വൈകിട്ട് അഞ്ച് മണി വരെയായതിനാൽ സന്ദർശകർക്ക് പ്രയാസം സൃഷ്ടിക്കുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സമയം രാവിലെ 7 മണി മുതൽ വൈകീട്ട് 8 മണി വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിന് നടപടി

1312 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പ്രസ്തുത സ്ഥലങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വർക്കലയിൽ ഈ അടുത്തകാലത്തുണ്ടായ ഫ്ലോട്ടിങ് ബ്രിഡ്ജ് അപകടത്തിന്റെ കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപകടത്തിൽപ്പെട്ടവർ ആരെല്ലാമായിരുന്നുവെന്നും ഫ്ലോട്ടിങ് ബ്രിഡ്ജ് കമ്പനി അതിൽ കയറുന്ന വിനോദസഞ്ചാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും കമ്പനിയോ അല്ലെങ്കിൽ സർക്കാരോ അവർക്ക് എന്തെങ്കിലും ധനസഹായം നൽകിയിരുന്നോയെന്നും ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പടിയൂർ ഇക്കോ ടൂറിസം പദ്ധതി

1313 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1314 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കുന്ന ഹിൽ സർക്യൂട്ടിന്റെ വിശദാംശവും ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നിലവിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കടലുകാണി ടൂറിസം പദ്ധതി

1315 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മണ്ഡലത്തിലെ കടലുകാണി ടൂറിസം പദ്ധതി ഏത് ഘട്ടത്തിലാണ് വിശദമാക്കുമോ?

## അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി

1316 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) യാത്രിനിവാസ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ പൂർത്തിയാക്കിയ പദ്ധതികൾ

1317 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇൻലാൻഡ് നാവിഗേഷൻ മുഖേനയും കെൽ (കെ. ഇ.എൽ.) മുഖേനയും കല്ല്യാശ്ശേരി മണ്ഡലത്തിൽ പൂർത്തിയാക്കിയ ഏതൊക്കെ പദ്ധതികളാണ് നടത്തിപ്പിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുള്ളത്; വിശദമാക്കാമോ?

## കുന്ദമംഗലം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1318 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുളിമാട് പാലത്തിന് കീഴെയായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് എന്തെങ്കിലും പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര ടൂറിസം കോറിഡോർ പദ്ധതി

1319 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അരുവിക്കര ടൂറിസം കോറിഡോർ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## വയ്യാങ്കരചിറ ടൂറിസം പദ്ധതി

1320 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വയ്യാങ്കരചിറ ടൂറിസം പദ്ധതിയ്ക്ക് ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പഴയ വെണ്ടുരുത്തി പാലം ഫുഡ് സ്ട്രീറ്റ് ആക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ പുരോഗതി

1321 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ പഴയ വെണ്ടുരുത്തി പാലം ഫുഡ് സ്ട്രീറ്റ് ആക്കി മാറ്റാൻ ടൂറിസം വകുപ്പ് മന്ത്രി പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; എത്ര രൂപയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ളത്; ഏത് വകുപ്പിനാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ നിർവഹണ മേൽനോട്ട ചുമതലയുള്ളത്; പദ്ധതിയുടെ രൂപ രേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് ടൂറിസം വകുപ്പ് എറണാകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇനി നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ടൂറിസം പദ്ധതി

1322 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നംചിറ ടൂറിസം പദ്ധതിയ്ക്ക് ബജറ്റിൽ തുക അനുവദിച്ച് നാളിതുവരെയായിട്ടും പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

## പുല്ല്യായികടവ് ടൂറിസം പദ്ധതി

1323 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ നാറാത്ത് പഞ്ചായത്തിൽ പുല്ല്യായികടവ് ടൂറിസം പദ്ധതിയുടെ ഭാഗമായി റിവൈസ്ഡ് ഭരണാനുമതിക്ക് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ടൂറിസം സ്പോട്ട് താല്ക്കാലികമായി തുറന്ന് പ്രവർത്തിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## തമ്മാനിമറ്റം ടൂറിസം പദ്ധതി

1324 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിലെ തമ്മാനിമറ്റത്തെ അഞ്ച് ഏക്കറോളം വരുന്ന സ്ഥലത്ത് നിർദ്ദിഷ്ട തമ്മാനിമറ്റം ടൂറിസം പദ്ധതിക്കായുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൻമേൽ കൈക്കൊണ്ട തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ ടൂറിസം വികസനത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പ്രസ്തുത ടൂറിസം പദ്ധതിയ്ക്ക് അടിയന്തരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അരുവിക്കച്ചാൽ ടൂറിസം പദ്ധതി

1325 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അരുവിക്കച്ചാൽ ടൂറിസം കേന്ദ്രത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി അപകടരഹിതമാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള

എസ്റ്റിമേറ്റ് പ്രകാരം 43 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ബീച്ച് ഫെസ്റ്റിവൽ

1326 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജന കൂട്ടായ്മയിലൂടെ ഡിസംബർ മാസത്തിൽ നടത്തപ്പെടുന്ന അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ ബീച്ച്ഫെസ്റ്റിവലിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബീച്ചിൽ സ്പോർട്ട്സ് ടൂറിസം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) മുനക്കൽ ബീച്ചിന് ബ്ലൂടാക് ബീച്ച് പദവി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ബീച്ചിൽ ബഹദൂർ സ്മാരക സിനിമാ തിയേറ്ററും ഗസ്റ്റ് ഹൗസും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്?

## മംഗൽപാടി ബേരികെ, മഞ്ചേശ്വരം ഹൊസബെട്ടു ടൂറിസം പദ്ധതികൾ

1327 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി ബേരികെ ടൂറിസം പദ്ധതി, മഞ്ചേശ്വരം ഹൊസബെട്ടു ടൂറിസം പദ്ധതി എന്നിവ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ

1328 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 1 കോടി 50 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുട്ടനാടൻ കായൽ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

1329 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കായൽ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഹൗസ് ബോട്ടുകളിലെ ശുചിമുറി മാലിന്യം സംസ്കരിക്കാൻ എന്തെല്ലാം പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ ടൂറിസം വകുപ്പ് പ്രവൃത്തികൾ

1330 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ടൂറിസം വകുപ്പ് നിർവഹണ ഏജൻസി ആയിട്ടുള്ളതുമായ ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## വൈപ്പിൻ കരയിലെ ബീച്ച് കോറിഡോർ പദ്ധതി

1331 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാധ്യതകളുള്ള ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിൽ 2017-ൽ 4.50 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ബീച്ച് കോറിഡോർ പദ്ധതി ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും അപാകതകൾ പരിഹരിച്ച് നടപ്പാക്കുവാൻ സാധിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയ്ക്ക് ഉപകാരപ്രദമായ പ്രസ്തുത പദ്ധതി നീട്ടികൊണ്ടുപോകുന്നതിനാൽ നേരിടുന്ന സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കാമോ;

(സി) നിരവധി നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാനും ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാത്തതിനും കാരണം വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വിനോദസഞ്ചാര മേഖലയുടെ വികസനം

1332 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും വിനോദസഞ്ചാര മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതവും അപകടകരഹിതവും ആക്കാൻ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ;

(സി) ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്തത്തോടെ സുരക്ഷിത ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

## ടൂറിസം മേഖലയിൽ വരുന്ന പുതിയ പദ്ധതികൾ

1333 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാവൽ മാർട്ട് -2024 ന്റെ തുടർച്ചയായി കേരളത്തിലെ ടൂറിസം മേഖലയിൽ വരുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കേരളത്തെ മൈസ് (മീറ്റിംഗുകൾ, പ്രോത്സാഹനങ്ങൾ, കോൺഫറൻസുകൾ, എക്സിബിഷൻസ് ) ടൂറിസം സെന്ററാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ആസ്ട്രോ സയൻസ് പാർക്ക് ഫേസ് വൺ പ്രവൃത്തി

1334 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി, 2024 ജനുവരി 28ന് ടൂറിസം വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ ആസ്ട്രോ സയൻസ് പാർക്ക് ഫേസ് വൺ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മലയോര ടൂറിസം

1335 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയിലേക്കുള്ള സന്ദർശനം നിയന്ത്രണ വിധേയമാക്കുവാൻ ഹൈക്കോടതി നിർദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അധികരിക്കുന്നത് വന്യജീവികൾക്കും പരിസ്ഥിതിക്കും ദോഷം വരുത്തുമെന്നതിനാൽ സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക്ക് ബോട്ടിലിലുള്ള 500 മില്ലി ലിറ്റർ, 1 ലിറ്റർ, 1.5 ലിറ്റർ കുപ്പി വെള്ളം/ശീതള പാനീയങ്ങളുടെ വില്പന നിയന്ത്രിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനോ 5 ലിറ്റർ ബോട്ടിലുകളിലെ വിപണനം മാത്രമാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; കൂടാതെ പ്ലാസ്റ്റിക്ക് കവറുകളിലുള്ള സ്നാക്സ്/വറുത്ത പലഹാരങ്ങളുടെ വിപണനം എന്നിവ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ എൻട്രി ഫീസ് പിരിക്കുന്നതിന് യു.പി.ഐ. അടക്കമുള്ള പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

## ടൂറിസം വകുപ്പിന് ലഭിച്ച ബജറ്റ് വിഹിതം

1336 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തെയും ബജറ്റിൽ ടൂറിസം വകുപ്പിന് എത്ര രൂപയാണ് വകയിരുത്തിയതെന്നും പ്രസ്തുത തുക മുഴുവൻ ധനകാര്യ വകുപ്പിൽ നിന്ന് അനുവദിച്ച് കിട്ടിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം മേഖലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക്, എത്ര വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുകയിൽ നിന്നും ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

## ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നടപടി

1337 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ഇല്ലിക്കൽകല്ല്, ഇഴവീഴാപൂഞ്ചിറ എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് പ്രസ്തുത കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെങ്കിൽ ഇവ ലഭ്യമാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് ആവശ്യമായ റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിന് ടൂറിസം വകുപ്പ് മുഖേന അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിന് ടൂറിസം വകുപ്പ് മുഖേന അപേക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക്

1338 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ; തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ടൂറിസം മേഖലയിൽ ലഭിച്ച വരുമാനവും പുരസ്കാരങ്ങളും**

1339 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16, 2016-21, 2021-24 കാലയളവുകളിൽ ടൂറിസം മേഖലയിൽ നിന്നും ലഭിച്ച വരുമാനം എത്രയാണ്;

(ബി) പ്രസ്തുത കാലയളവുകളിൽ ടൂറിസം മേഖലയിൽ ലഭിച്ച ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ മതിയായ ശുചിമുറി സൗകര്യം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയുള്ളതാക്കി നിലനിർത്തുന്നതിന് നടപടി**

1340 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ബീച്ചുകളിലും മറ്റ് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിദേശികൾക്ക് ഉൾപ്പടെ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വൃത്തിയും നിലവാരവുമുള്ള ശുചിമുറികൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൃത്തിഹീനമായ പരിസരം സഞ്ചാരികളെ അകറ്റുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയുള്ളതാക്കി നിലനിർത്തുന്നതിന് വകുപ്പ് നിരന്തരമായ പരിശോധനകൾ നടത്താറുണ്ടോ;

(സി) ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും പരിസരം വൃത്തിയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനെയാണ്; വിശദമാക്കാമോ?

**ഉത്തരവാദിത്ത ടൂറിസം**

1341 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ആഗോള സമ്മിറ്റിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐക്യരാഷ്ട്ര സംഘടനയുമായി ചേർന്ന് സ്ത്രീ സൗഹൃദ ടൂറിസം പ്രോജക്ടിന് ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ടൂറിസം മേഖലയിൽ ലിംഗസമത്വം ലക്ഷ്യമാക്കി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന

നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## അന്താരാഷ്ട്ര ടൂറിസം

1342 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കുശേഷം അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിദേശ ടൂറിസ്റ്റുകളുടെ വരവിന്റെ എണ്ണം എത്രത്തോളം വർദ്ധിച്ചുവെന്ന് വിശദമാക്കാമോ?

## ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

1343 **ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ സ്കൂൾ സമയമാറ്റം സംബന്ധിച്ച ശിപാർശ എന്താണെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണം

1344 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓരോ അധ്യയന വർഷവും പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

## അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടി

1345 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘനാളായി അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നല്കാൻ സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം എത്ര അപേക്ഷകൾ ഇതുവരെ അംഗീകാരം ലഭിക്കാനായി ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അഞ്ചു വർഷത്തിൽ കൂടുതൽ പ്രവർത്തിച്ചു വരുന്നതും പിന്നാക്ക മേഖലകളിൽ ദേശീയ വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>തൊഴിൽപഠനം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനുള്ള തീരുമാനം</u>**

1346 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽപഠനം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ; വിശദമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ</u>**

1347 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗവും കൈമാറ്റവും തടയുന്നതിനു പാഠ്യപദ്ധതിയിൽ അവയ്ക്കെതിരെയുള്ള ശക്തമായ ബോധവത്ക്കരണ പരിപാടികളും പോലീസിന്റേതുൾപ്പെടെ ശക്തമായ നിരീക്ഷണവും ഏർപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ?

**<u>പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയൽ അദാലത്തുകൾ</u>**

1348 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിൽ അദാലത്തുകൾ നടത്തിയെന്നും ഇനി ഏതെല്ലാം ജില്ലകളിൽ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) അദാലത്ത് പൂർത്തിയാക്കിയ ജില്ലകളിൽ എത്ര ഫയലുകൾ തീർപ്പാക്കിയെന്നും മേൽ നടപടികൾക്കായി ഡയറക്ടറേറ്റുകൾക്കും സർക്കാരിനും അയച്ച അദാലത്ത്

ഫയലുകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും അത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

## മാനേജ്മെന്റ്ഷിപ്പ് കൈമാറുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ

1349 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റ് സ്കൂളുകളിൽ മാനേജ്മെന്റ്ഷിപ്പ് മറ്റൊരാൾക്ക് കൈമാറുമ്പോൾ കേരള എഡ്യൂക്കേഷൻ റൂൾസ് പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചട്ടം പാലിക്കാതെയാണ് മാനേജ്മെന്റ്ഷിപ്പ് കൈമാറിയതെങ്കിൽ പിന്നീടുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

## ഡയറക്ടറേറ്റിലെ ഇ-മെയിൽ സംവിധാനം

1350 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിന്നും ഡയറക്ടറേറ്റിലേക്ക് വിവിധ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കത്തുകൾ ഇ-മെയിൽ ആയി അയക്കുന്നത് ഡയറക്ടറേറ്റിൽ ലഭ്യമായോ എന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദമാക്കാമോ;

(ബി) ഈ കത്തുകൾ ഡയറക്ടറേറ്റിൽ ഒരു കോമൺ മെയിൽ ഐഡിയിലേക്കാണോ അതോ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്കാണോ ലഭിക്കാറുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അയച്ച പല മെയിലുകളും ഡയറക്ടറേറ്റിലെ സെക്ഷനുകളിൽ കിട്ടാത്തത് മൂലം ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിൽ നിന്നുള്ള ഇ-മെയിൽ ഇടപാടുകൾ ഡയറക്ടറേറ്റിലെ ഈ മെയിൽ ഐഡിയിലേക്ക് അയച്ചശേഷം അവിടെ നിന്ന് സെക്ഷനിലേക്ക് വേർതിരിച്ച് കൊടുക്കാനുള്ള സംവിധാനം ക്രമീകരിക്കുമോ?

## എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ്/ബുക്ക് തിരുത്തൽ

1351 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ്/ബുക്ക് എന്നിവ തിരുത്തുന്നതിനായി എത്ര വർഷം കഴിഞ്ഞവരാണ് അപേക്ഷയുടെ കൂടെ വിദ്യാഭ്യാസ മന്ത്രിയുടെ നിരാക്ഷേപപത്രംകൂടി സമർപ്പിക്കേണ്ടതെന്ന് അറിയിക്കുമോ ;

(ബി) നിരാക്ഷേപപത്രത്തിന് അപേക്ഷ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചാൽ അപേക്ഷയിൽ ഏതെങ്കിലും രേഖയുടെ കുറവുണ്ടായാൽ അപേക്ഷ നിരസിക്കുന്നത് തപാൽ സെക്ഷനിലാണോ, വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലാണോ എന്നുള്ളത് വിശദമാക്കാമോ;

(സി) അപേക്ഷ നിരസിക്കുന്ന കാര്യം അപേക്ഷകനെ എങ്ങനെയാണ് അറിയിക്കാറുള്ളത് ;വിശദമാക്കാമോ;

(ഡി) കോർട്ട് ഫീ സ്റ്റാമ്പ് വയ്ക്കാത്ത സാഹചര്യത്തിൽ അപേക്ഷ നിരസിക്കാറുണ്ടോ;വിശദാംശം നൽകാമോ;

(ഇ) എല്ലാ രേഖകളും ഉണ്ടെങ്കിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയപരിധി അറിയിക്കാമോ?

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

1352 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ദിവസവേതനം 100 രൂപ വർദ്ധിപ്പിക്കുമെന്ന 2017-18-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ: ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; ഇവർക്ക് വിരമിക്കൽ ആനുകൂല്യം നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ.യും പ്രൊവിഡന്റ് ഫണ്ടും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും വേതനം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പൊതുവിദ്യാലയങ്ങളിൽ വന്ന ഗുണപരമായ മാറ്റം

1353 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ഗുണപരമായ മാറ്റത്തെ തുടർന്ന് പുതുതായി ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വർദ്ധനവെത്രയാണെന്ന് വിശദമാക്കാമോ?

## കിഫ്ബി ധനസഹായത്തോടെയുള്ള സ്കൂൾ കെട്ടിട നിർമ്മാണം

1354 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;എങ്കിൽ ആയത് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസ മേഖലയിലെ മൂല്യനിർണ്ണയ പരിഷ്കാരം

1355 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) മൂല്യനിർണ്ണയ പരിഷ്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എഴുത്തു പരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്നു അറിയിക്കുമോ?

## സർക്കാർ സ്കൂളുകളിൽ ബസുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി

1356 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിവരം മണ്ഡലം തിരിച്ചുള്ള പട്ടിക സഹിതം നൽകാമോ;

(ബി) ഇതിൽ എത്ര ബസുകൾ അനുവദിച്ചിട്ടുണ്ടെന്നും ബസുകൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്നുമുള്ള വിവരം പട്ടികയായി നൽകാമോ;

(സി) ആകെ ചെലവായ തുകയിൽ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും ഇനി എത്ര തുക അനുവദിക്കാനുണ്ടെന്നും, ഏതൊക്കെ കമ്പനികൾക്ക് എത്ര രൂപ വീതമാണ് കുടിശ്ശിക നൽകാനുള്ളതെന്നുമുള്ള വിശദാംശം നൽകാമോ;

(ഡി) ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ വഴി ഭരണാനുമതി ലഭിച്ചിട്ടും കുടിശ്ശിക ഉള്ളതിനാൽ ബസുകൾ യഥാസമയം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഉടനെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പൊതുവിദ്യാലയങ്ങളിലെ പ്രവൃത്തിദിനങ്ങൾ

1357 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പ്രവൃത്തിദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം ഹൈക്കോടതി മരവിപ്പിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) പ്രവൃത്തിദിനങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിക്കുന്നതിനു മുമ്പ് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഈ കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(ഡി) കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനത്തിൽനിന്ന് പിന്മാറുമോ; വിശദാംശം നൽകുമോ?

## <u>സംരക്ഷണ പരിധിയിൽ ഉൾപ്പെടാത്ത അദ്ധ്യാപകർ</u>

1358 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷണ പരിധിയിൽ ഉൾപ്പെടാത്ത അദ്ധ്യാപകർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ?

## <u>കേരള വിദ്യാഭ്യാസ(ഭേദഗതി) ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകൽ</u>

1359 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 03.12.2016 ലെ സ.ഉ.(പി)നം. 199/2016/പൊ.വി.വ. പ്രകാരമുള്ള കേരള വിദ്യാഭ്യാസ(ഭേദഗതി) ചട്ടങ്ങൾക്ക് (എസ്.ആർ.ഒ. നം.752/2016) മുൻകാല പ്രാബല്യം കൊടുക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായത്തിൻമേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നു; മുൻകാലപ്രാബല്യം നൽകുന്നത് നിയമാനുസൃതമല്ലായെന്ന് നിയമ വകുപ്പ് അറിയിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശം മറികടന്ന് പ്രസ്തുത ചട്ടങ്ങൾക്ക് 29.01.2016 മുതൽ മുൻകാല പ്രാബല്യം നൽകാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്ലാൻ ഫണ്ട് വിനിയോഗം</u>

1360 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാഭ്യാസവകുപ്പിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്നും, നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദശവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ടി.ഡി.എൽ.സി.എസ്. (തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ) മുഖേന നടപ്പിലാക്കിവരുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് മാറ്റി നൽകുന്നതിനുള്ള നടപടി ഏതു

ഘട്ടത്തിലാണെന്നും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അധ്യയനം സുഗമമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

1361 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനുവദിച്ചതും നടന്നു കൊണ്ടിരിക്കുന്നതുമായ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## കാക്കനാട് തെങ്ങോട് ഗവൺമെൻറ് സ്കൂൾ കെട്ടിടം

1362 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് തെങ്ങോട് ഗവൺമെൻറ് സ്കൂൾ കെട്ടിടത്തിനോട് ചേർന്നുള്ള ഭാഗത്തെ മണ്ണ് കാലവർഷത്തിൽ ഇടിഞ്ഞുതാഴ്ന്നതിനെ തുടർന്ന് കെട്ടിടം നിലവിൽ അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തി മണ്ണിടിഞ്ഞ് തകർന്ന ഭാഗത്ത് തുടർ മണ്ണിടിച്ചിൽ ഉണ്ടാകാതെ തടയുന്നതിനും സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷയ്ക്കും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കിഫ്ബി പദ്ധതി-സ്കൂൾ കെട്ടിട നിർമ്മാണം

1363 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ജി.എച്ച്.എസ്.എസ്. മണത്തല, ജി.എൽ.പി.എസ്. തിരുവത്ര എന്നീ സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

1364 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിടനിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

## ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി

1365 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കുന്ന 'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതി യുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; പട്ടാമ്പി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളിന്റെ പേര് വിവരം നൽകാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒരു സ്കൂളിന് എത്ര രൂപയാണ് അനുവദിക്കുന്നത്, പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ള ഏജൻസിയുടെ പേര് വിവരം നൽകാമോ ?

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

1366 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ നിയോജക മണ്ഡലത്തിൽനിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവ യു. പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രവൃത്തിയുടെ പൂർത്തികരണത്തിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## സമഗ്രശിക്ഷാ അഭിയാൻ പദ്ധതി

1367 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതിയുമായി ഉദ്ഗ്രഥിക്കുന്നതിന് സാധ്യതയുള്ളത് ഏതൊക്കെ മേഖലയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയെ ഏതൊക്കെ മേഖലയിലാണ് നിലവിൽ ഇത്തരത്തിൽ ബന്ധപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കുമോ; നടപ്പു സാമ്പത്തികവർഷം ലഭ്യമായ കേന്ദ്ര സഹായം എത്രയാണെന്ന് അറിയിക്കുമോ?

## പ്രോജക്ട് എക്സ് പദ്ധതി

1368 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സമഗ്ര ലൈംഗിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന പ്രോജക്ട് എക്സ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും സേവനം കൂടി പ്രസ്തുത പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ?

## <u>പി.എം. ശ്രീ പദ്ധതി</u>

1369 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്നതിന് ധാരണാപത്രം ഒപ്പുവച്ച സാഹചര്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം പൂർണതോതിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനം നിർബന്ധിതമാകുമോ; വിശദമാക്കുമോ;

(സി) പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്ന സ്കൂളുകൾ കേന്ദ്രത്തിന്റെ ബ്രാൻഡിങ്ങിന് വഴങ്ങേണ്ടി വരുമെന്നുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിട്ടുള്ള വിഹിതം തടസ്സരഹിതമായി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

## <u>സ്കോൾ കേരള മുഖേന ആരംഭിച്ച കോഴ്സുകൾ</u>

1370 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സ്കോൾ കേരള മുഖേന ആരംഭിച്ച കോഴ്സുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കോൾ കേരള മുഖേന പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) സ്കോൾ കേരള മുഖേന കലാകായിക രംഗത്ത് കൂടുതൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിദ്യാർത്ഥികൾക്കുള്ള എല്ലാ സേവനങ്ങളും അതത് ജില്ലകൾ വഴി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സ്കൂൾ കെട്ടിട നിർമ്മാണം

1371 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016 മുതൽ വിദ്യാഭ്യാസ വകുപ്പ് ഫണ്ടുകൾ (കിഫ്ബി ഫണ്ട് ഉൾപ്പെടെ) അനുവദിച്ച സ്കൂളുകളുടെ പേരും അനുവദിച്ച ഫണ്ടും എത്രയെന്ന് പറയാമോ;

(ബി) പ്രസ്തുത ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവ. ബോയ്സ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തി

1372 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പാക്കുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## പുനലൂർ മണ്ഡലത്തിൽ സ്കൂൾ കെട്ടിടത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ

1373 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസമന്ത്രിതല യോഗതീരുമാനപ്രകാരം പുനലൂർ മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽ നിന്നും കുളത്തുപ്പുഴ യു.പി.സ്കൂളിന് അനുവദിച്ച സ്കൂൾ കെട്ടിടം പുനലൂർ ഐക്കരക്കോണം സ്കൂളിലേക്ക് മാറ്റി ഭരണാനുമതി നൽകുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തീരുമാനപ്രകാരമുള്ള തുടർനടപടികൾക്കായി ഫയൽ എന്നുമുതൽ ആരുടെ പരിഗണനയിലാണെന്നും ഫയലിന്റെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് തീരുമാനമെടുക്കുമെന്നും അറിയിക്കുമോ;

(ബി) പുനലൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് ഗവ. എൽ.പി. സ്കൂളിന് അനുവദിച്ച സ്കൂൾ കെട്ടിടം ഇടമുളക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിലേക്ക് മാറ്റി നൽകുന്നതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത തീരുമാനപ്രകാരമുള്ള നടപടികൾക്കായി ഫയൽ എന്നുമുതൽ ആരുടെ പരിഗണനയിലാണെന്നും ഫയലിന്റെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് തീരുമാനമെടുക്കുമെന്നും അറിയിക്കുമോ;

(സി) വിവിധ ഫണ്ടുകളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പരിഗണിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുള്ള കമ്മിറ്റിയുടെ വിവരങ്ങൾ നൽകാമോ; കമ്മിറ്റി മേൽ വിഷയങ്ങൾ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം വിശദമാക്കാമോ; പരിഗണിച്ചിട്ടില്ലെങ്കിൽ ആയത് എന്നത്തേക്ക് പരിഗണിയ്ക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) മേൽ വിഷയങ്ങൾ പരിഗണിച്ചിട്ടുള്ള വിദ്യാഭ്യാസമന്ത്രിതല അവലോകന യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കാമോ?

## കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി

1374 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതി എന്നു മുതലാണ് നടപ്പാക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2022, 2023 വർഷങ്ങളിൽ എത്ര കുട്ടികളുടെ രക്ഷിതാക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## വിവിധ പദ്ധതികളിലെ കേന്ദ്ര സർക്കാർ നിലപാട്

1375 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ള കുടിശിക തുകയുടെ വിവരം ലഭ്യമാക്കാമോ;

(ബി) എസ്.എസ്.കെ. പദ്ധതിയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട എത്ര കോടി രൂപയാണ് കുടിശികയായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളുടെ പേരിനു മുന്നിൽ പി.എം. ശ്രീ എന്ന് ബ്രാൻഡ് ചെയ്യുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും സ്കൂളുകളെ അപ്രകാരം ബ്രാൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളെ ബ്രാൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ഭാഷാ- ഗണിത ശേഷി

1376 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ ഭാഷാ- ഗണിത ശേഷികൾ ആർജ്ജിക്കേണ്ടതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## പാഠ്യപദ്ധതി പരിഷ്കരണം

1377 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി പരിഷ്കരിക്കുന്നതിന് എഴുത്ത് പരീക്ഷയ്ക്ക് മാത്രമായി മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ഗവൺമെന്റ് യു.പി.സ്കൂൾ, പൂവരണി, ചക്കാംപുഴ**

1378 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗവ.യു.പി.സ്കൂൾ, പൂവരണി, ഗവ. യു.പി. സ്കൂൾ ചക്കാംപുഴ എന്നിവയ്ക്ക് 24-01-2023 ൽ ജി.ഒ (ആർ.റ്റി) നം.632/2023/ ജി.എഡ്യൂ , ജി.ഒ.(ആർ.റ്റി.) നം. 631/2023/ജി.എഡ്യൂ. പ്രകാരം ലഭിച്ച ഭരണാനുമതിയിൽ ഗവ. എൽ.പി.സ്കൂൾ, പൂവരണി, ഗവ. എൽ.പി. സ്കൂൾ ചക്കാംപുഴ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ഗവ. യു.പി.സ്കൂൾ പൂവരണി, ഗവ. യു.പി.സ്കൂൾ ചക്കാംപുഴ എന്നാക്കി മാറ്റുന്നതിലേക്കായി ഉചിതമാർഗ്ഗേണ നൽകിയിരുന്ന അപേക്ഷയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകൾ തിരുത്തൽ വരുത്തി സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഉള്ളിയേരി ഗവ.എൽ.പി. സ്കൂളിന് സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള നടപടി**

1379 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗവ.എൽ.പി. സ്കൂളിന് സ്വന്തമായി ഭൂമി വാങ്ങുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഉള്ളിയേരി ഗവ.എൽ.പി.സ്കൂൾ പ്രവർത്തിക്കുന്ന ഭൂമി 1958 ലെ വിദ്യാഭ്യാസചട്ടം വകുപ്പ്-14, 15, 1959-ലെ കേരള വിദ്യാഭ്യസ ചട്ടം വകുപ്പ് XX- 6, 7 എന്നിവ പ്രകാരമുള്ള അക്വിസിഷൻ നടത്തുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

**അയ്യങ്കാളി സ്മാരക യു.പി. സ്കൂൾ**

1380 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1905-ൽ അയ്യങ്കാളി സ്ഥാപിച്ചതും സംസ്ഥാനത്തിന്റെ പൈതൃക പട്ടികയിൽ ഉൾപ്പെട്ടതുമായ വെങ്ങാനൂർ അയ്യങ്കാളി സ്മാരക യു.പി.സ്കൂളിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇവിടെ അയ്യങ്കാളി ഉപയോഗിച്ചിരുന്ന കോടതി മുറി നിലവിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെയും അയ്യങ്കാളി ഉപയോഗിച്ചിരുന്ന കോടതി മുറിയുടേയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത കോഴ്സ്

1381 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെ കീഴിലുള്ള ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ (എൻ.എസ്.ക്യൂ.എഫ്.) അധിഷ്ഠിതമായ കോഴ്സുകൾ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യതകൾ മനസ്സിലാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

## എറണാകുളം എസ്.ആർ.വി. ഗവ.മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ ക്യാമ്പസിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ

1382 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂൾ കെട്ടിടവും ക്യാമ്പസും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കരുതെന്ന് ഹൈക്കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) എറണാകുളം എസ്.ആർ.വി. ഗവ.മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂൾ കെട്ടിടവും ക്യാമ്പസും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാത്ത ആർ.ഡി.ഡി ഓഫീസ്, എ.ഇ.ഒ ഓഫീസ്, ബുക്ക് ഡിപ്പോ, എസ്.എസ്.കെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; കോടതി ഉത്തരവ് നിലനിൽക്കെ മേല്പറഞ്ഞ ഓഫീസുകൾക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ കെട്ടിടത്തിലും ക്യാമ്പസിലും പ്രവർത്തിക്കാൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ആർ.ഡി.ഡി ഓഫീസ്, എ.ഇ.ഒ ഓഫീസ്, ബുക്ക് ഡിപ്പോ, എസ്.എസ്.കെ ഓഫീസ് എന്നിവയിലെ ദൈനംദിന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഏതൊക്കെ ജീവനക്കാരാണ് പ്രസ്തുത ഓഫീസുകളിൽ ഉള്ളതെന്നും സേവനങ്ങൾക്കായി സമീപിക്കുന്ന സന്ദർശകർ ആരെല്ലാമെന്നും അറിയിക്കുമോ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഓഫീസുകൾക്ക് വാടകയിനത്തിൽ എത്ര രൂപയാണ് പ്രതിമാസം അനുവദിക്കുന്നതെന്നും ഓഫീസുകൾക്ക് ഒരു കെട്ടിടം ആവശ്യമായാൽ വിസ്തീർണം, സൗകര്യങ്ങൾ, വാടക ഉൾപ്പെടെയുള്ള എന്തൊക്കെ മാനദണ്ഡങ്ങളാണ് വകുപ്പ് നിഷ്കർഷിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ?

## സർക്കാർ സ്കൂളുകളിലെ ഹെഡ് മാസ്റ്റർ നിയമനം

1383 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ (എച്ച്.എസ്. വിഭാഗം) ഹെഡ് മാസ്റ്റർ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടോയെന്നും നിയമനം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയെന്നും വിശദമാക്കാമോ?

**<u>സെക്കണ്ടറി -ഹയർ സെക്കണ്ടറി ലയനം</u>**

1384 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്കണ്ടറി-ഹയർ സെക്കണ്ടറി സ്കൂളുകൾ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ലയന നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ലയനം ദേശീയ ഘടനയ്ക്ക് അനുസൃതമായിട്ടാണോ നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) ലയന നടപടികളുടെ ഭാഗമായി സെക്കണ്ടറി അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത പുനർനിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ</u>**

1385 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ:ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടും നിലവിൽ അധ്യാപകരെ നിയമിക്കാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്ന എത്ര തസ്തികകളുണ്ടെന്ന് വിഷയം തിരിച്ച് നൽകാമോ;

(ബി) ഗവ:ഹയർ സെക്കണ്ടറി സ്കൂളുകളിലെ സ്ഥിര ബാച്ചുകളിൽ നിലവിൽ തസ്തിക സൃഷ്ടിക്കാത്ത അധ്യാപക ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

**<u>ശ്രീ.വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കാൻ നടപടി</u>**

1386 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റെടുക്കപ്പെട്ട ശ്രീ. വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ ആസ്തി- ബാധ്യതകൾ സർക്കാരിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ;

ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ?

**കേരളത്തിലെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ 2023-24 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ**

1387 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ 2023-24 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്നു പൂർത്തിയാകും എന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തിയാക്കാത്തതിനാൽ വിവിധ വിഷയങ്ങളിൽ അധ്യാപക ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ടോ; എങ്കിൽ ഇക്കാരണത്താൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കും എന്നറിയിക്കാമോ?

**നെന്മാറ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ**

1388 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശമാക്കുമോ;

(ബി) രണ്ടാം ഘട്ട പ്രവൃത്തികൾക്ക് എത്ര തുകയാണ് ബാക്കിയുള്ളതെന്നും, ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

**ഹയർ സെക്കണ്ടറി അധ്യാപക തസ്തിക നിർണ്ണയം**

1389 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലത്തിലെ എല്ലാ വിഷയങ്ങളിലും അദ്ധ്യാപക തസ്തിക നിർണ്ണയം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി തലത്തിലെ അദ്ധ്യാപക തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം തസ്തികകൾ നിർണ്ണയിക്കുന്നതിന് ഓരോ വിഷയത്തിലും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും ഒടുവിൽ തസ്തിക നിർണ്ണയം നടത്തിയപ്പോൾ സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ ഓരോ

വിഷയത്തിനും നിലവിലുള്ള തസ്തികകളുടെ ആകെ എണ്ണം എത്രയാണ്; ജില്ലയും വിഷയവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ അധ്യയന വർഷം പൂർത്തിയാകുമ്പോൾ തസ്തിക നിർണ്ണയത്തിനായി നാളിതുവരെയും പരിഗണിച്ചിട്ടില്ലാത്ത പുതിയ ബാച്ചുകളിൽ അൻപതിലേറെ കുട്ടികളുമായി സ്ഥിരമായി മൂന്ന് വർഷമോ അതിലധികമോ പ്രവർത്തിച്ച എത്ര ബാച്ചുകളാണ് നിലവിലുണ്ടായിരുന്നത്; വിഷയവും ജില്ലയും തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഇ) വിദ്യാർത്ഥികൾ കുറവായ തെക്കൻ ജില്ലകളിൽ നിന്നും വടക്കൻ ജില്ലകളിലേക്ക് ആകെ എത്ര ബാച്ചുകളാണ് നാളിതുവരെ ഷിഫ്റ്റ് ചെയ്തത്; ഈ ബാച്ചുകൾ ഷിഫ്റ്റ് ചെയ്തതിനോടൊപ്പം ഷിഫ്റ്റ് ചെയ്തിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം എത്രയാണ്;

(എഫ്) ഹയർ സെക്കണ്ടറി തലത്തിൽ ഏറ്റവും ഒടുവിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചത് എന്നാണ്; പുതുതായി സൃഷ്ടിച്ച പോസ്റ്റുകളിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാത്ത എത്ര തസ്തികകളാണ് നിലവിലുള്ളത്; വിഷയവും ജില്ലയും തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ജി) ഹയർ സെക്കണ്ടറി തലത്തിൽ സ്ഥിരനിയമനം നടത്താതെ ഗസ്റ്റ് അദ്ധ്യാപകരെ ഉപയോഗിച്ചോ മറ്റു തരത്തിൽ നിയമനം നടത്തിയോ അധ്യയനം നടത്തുന്ന തസ്തികകൾ ഉൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; വിഷയവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം

1390 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തമിഴ് സെക്കൻഡ് ലാംഗ്വേജ് ഉള്ള സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ 2023 -24 അധ്യയനവർഷത്തിൽ തമിഴ് ഭാഷാന്യൂനപക്ഷങ്ങളിൽ ഉൾപ്പെടുന്ന എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സെക്കൻഡ് ലാംഗ്വേജായി തമിഴ് ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകർ ഉള്ളത്; വിശദമാക്കാമോ;

(ഡി) പ്ലസ് വൺ പ്രവേശനത്തിന് ഏകജാലകം വഴി തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾ അപേക്ഷ നൽകുമ്പോൾ സെക്കൻഡ് ലാംഗ്വേജായി തമിഴ് ഭാഷ പഠിപ്പിക്കുന്ന അധ്യാപകരുള്ള സ്കൂളുകളിൽ തന്നെ പ്രവേശനം ലഭിക്കുവാൻ ഏകജാലക സോഫ്റ്റ്‌വെയറിൽ ക്രമീകരണം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

## ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ

1391 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുനെസ്കോ കൈമാറിയ ഗ്ലോബൽ എഡ്യുക്കേഷൻ മോണിട്ടറിംഗ് റിപ്പോർട്ടിൽ കേരളത്തിലെ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെല്ലാം പരാമർശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഡിജിറ്റൽ വിദ്യാഭ്യാസരംഗത്ത് സംസ്ഥാനം നടത്തിയ മുന്നേറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) പ്രൈമറി മേഖലയിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പഠനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, എ.ഐ. തുടങ്ങിയ ആധുനിക സാങ്കേതികവിദ്യാ മാതൃകകൾ സ്കൂൾ തലത്തിൽ പരിചയപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## സ്മാർട്ട് ക്ലാസ് റൂമുകൾ

1392 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിലും പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി സ്കൂൾ തലം വരെയുള്ള എയ്ഡഡ് സ്കൂളുകളിലുമായി നിലവിലുള്ള സ്മാർട്ട് ക്ലാസ് റൂമുകളുടെ എണ്ണം സ്കൂൾ തിരിച്ച് അറിയിക്കാമോ;

(ബി) ഇതിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്ത ക്ലാസ് റൂമുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

## ഇരവിപുരം മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

1393 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇരവിപുരം മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് 2018-19 മുതൽ നാളിതുവരെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ മുഖേന കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്; തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിൽ ഏതെല്ലാം സ്കൂളുകളിലെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള തടസങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളിൽ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

1394 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ശ്രീപുരം ജി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം**

1395 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കില എസ്.പി.വി.യായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്. സ്കൂൾ, കഞ്ചിക്കോട് ജി.സി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അരൂർ ഗവൺമെന്റ് എച്ച്.എസ്-ൽ യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ**

1396 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് കെട്ടിടം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**ചേന്നമംഗല്ലൂർ ഹയർസെക്കന്ററി സ്കൂൾ - ചലഞ്ച് ഫണ്ട്**

1397 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ചിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഭരണാനുമതിക്കായി സമർപ്പിച്ച മുക്കം - ചേന്നമംഗല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിന് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് ഇനിയും നടപടിയായില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം വന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടിസ്വീകരിക്കുമോ?

**കക്കാട് ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് പ്ലാൻ ഫണ്ട്**

1398 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം ഉപജില്ലയിലെ കക്കാട് ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മട്ടന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട വികസനം**

1399 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾക്കും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങൾക്കും ഇതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## ഒളവണ്ണ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത്

1400 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തുമ്പയിൽ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ ഏത് വർഷമാണ് ലഭിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് സ്കൂളുകളും സർക്കാർ ഏറ്റെടുത്ത് ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാതെപോയ ഒളവണ്ണ തുമ്പയിൽ സ്കൂൾ മാത്രം ഏറ്റെടുക്കുന്ന നടപടി അനന്തമായി നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാവില്ല എന്നിരിക്കെ ഈ സ്കൂൾ ഏറ്റെടുക്കുന്നത് വൈകിപ്പിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ നിരന്തരം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

## സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം

1401 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ ദീർഘകാല ആവശ്യമായ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അനുപാതം വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ 23.05.2024 -ൽ പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ.(കൈ). നം.50/2024/ജി.ഇ.ഡി.എൻ. ഉത്തരവ് നാളിതുവരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഡി.എൻ) നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് വന്നതിനുശേഷം 04.07.2024-ൽ ഡി.പി.ഐ.(ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ) ഇറക്കിയ എ1/20363/2023/ഡി.ജി.ഇ. ഉത്തരവ് പ്രകാരം 2022-23 അധ്യയനവർഷത്തെ സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റം അതതു ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ വേണ്ട കൃത്യതകൾ വരുത്തി സമയബന്ധിതമായി ഉത്തരവ് നടപ്പിലാക്കി അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ഹൈസ്കൂളുകളിലെ പ്രധാന അധ്യാപകരുടെ എണ്ണം

1402 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രധാന അധ്യാപകർ ഉള്ളതും ഇല്ലാത്തതുമായ എത്ര സർക്കാർ സ്കൂളുകൾ ഉണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഹൈസ്കൂളിലെ പ്രധാന അധ്യാപകരുടെ സ്ഥലംമാറ്റം ഏറ്റവും ഒടുവിൽ നടന്നത് ഈ അധ്യയന വർഷം ആരംഭിച്ചതിന് ശേഷമാണോയെന്നും നടന്ന തീയതിയും അറിയിക്കാമോ;

(സി) പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം കിട്ടേണ്ട അധ്യാപകരുടെ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; നിലവിലില്ലെങ്കിൽ പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്നതിനു തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രധാന അധ്യാപകരില്ലാത്ത സർക്കാർ സ്കൂളുകളിൽ എത്ര നാളുകൾക്കുള്ളിൽ പ്രധാന അധ്യാപകരെ നിയമിക്കുമെന്ന വിവരം ലഭ്യമാക്കാമോ?

## സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ

1403 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകളുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതുപരീക്ഷകൾ നടക്കുന്ന ഹൈസ്കൂളുകളിൽ പ്രധാന അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഈ തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോട്ടയം ഏന്തയാർ ജെ.ജെ.എം.എം. ഹയർ സെക്കണ്ടറി സ്കൂളിൽ ഭിന്നശേഷി അദ്ധ്യാപക നിയമനം

1404 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഏന്തയാർ ജെ.ജെ.എം.എം.ഹയർ സെക്കണ്ടറി സ്കൂളിൽ ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി ചിത്രകലാ അദ്ധ്യാപികയായി നിയമനം നല്കിയ വിജി.എൻ.കെ. എന്നയാൾക്ക് ജോലിയിൽ ചേർന്ന് മൂന്ന് മാസം പൂർത്തിയായ ശേഷം നിയമനം നിരസിച്ചുകൊണ്ട് വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) യോഗ്യരായ കാഴ്ച പരിമിതർ ഇല്ലാത്ത സാഹചര്യത്തിൽ കേൾവി പരിമിതിയുള്ള പ്രസ്തുത ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കുമോ ; ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഇടുക്കി ജില്ലയിലെ യു.പി.എസ്.ടി. ഒഴിവുകൾ</u>**

1405 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.ടി . തസ്തികയിൽ ( ഭാഷാ അദ്ധ്യാപക തസ്തിക ഒഴികെ) നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഒഴിവുകളിൽ ജനറൽ, ബൈ ട്രാൻസ്ഫർ, അന്തർ ജില്ലാ സ്ഥലംമാറ്റം എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇടുക്കി ജില്ലയിൽ സർക്കാർ യു.പി.എസ്.ടി. തസ്തികയിൽ നിന്നും 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേരും ഇപ്പോൾ ജോലിചെയ്യുന്ന സ്കൂളും അറിയിക്കുമോ ;

(ഡി) എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി. തസ്തികകളിലേക്ക് (വിവിധ വിഷയങ്ങൾ) ഇടുക്കി ജില്ലയിലെ എത്ര പ്രൈമറി അദ്ധ്യാപകർക്ക് ഈ വർഷം സ്ഥാനക്കയറ്റം ലഭിക്കുമെന്ന് അറിയിക്കുമോ; ഇതിൽ എത്ര യു.പി.എസ്.ടി.-മാർ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ഇടുക്കി ജില്ലയിൽ വിവിധ വിഷയങ്ങളിൽ എച്ച്.എസ്.ടി ., എച്ച്.എസ്.എസ്.ടി . തസ്തികകളിലേക്ക് എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകളിൽ നിന്നും ബൈ ട്രാൻഫർ പ്രമോഷൻ നൽകുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>സമഗ്ര ശിക്ഷാ കേരളയിലെ റിസോഴ്സ് അധ്യാപകരുടെ ശമ്പളം വർധിപ്പിക്കാൻ നടപടി</u>**

1406 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എസ്.എസ്.കെ. യിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന റിസോഴ്സ് അധ്യാപകരുടെ ശമ്പള വർദ്ധനവിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് അനുയോജ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

**<u>അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം നടപ്പിലാക്കുന്നതിന് നടപടി</u>**

1407 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന്റെ അനുപാതം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടും 2024-25 അധ്യയന വർഷത്തിലെ അന്തർ ജില്ലാ

സ്ഥലം മാറ്റം ഇതേവരെ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപകരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും വരും വർഷങ്ങളിൽ സ്കൂൾ തുറക്കുന്നതിന് മുൻപായി ഏപ്രിൽ-മേയ് മാസങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് തസ്തിക

1408 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകളിൽ ബാച്ച് തിരിച്ച് ആകെ പിരീഡുകൾ കണക്കാക്കുമ്പോൾ ഹയർസെക്കണ്ടറി ജൂനിയർ അധ്യാപക തസ്തിക നിർണ്ണയത്തിന് കണക്കാക്കിയിരുന്ന അധിക പിരീഡുകൾ 3, 6, 9 എന്ന ക്രമത്തിലായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് 2017 ൽ ഭേദഗതി വരുത്തിയപ്പോൾ ജൂനിയർ അദ്ധ്യാപിക തസ്തികയ്ക്ക് വേണ്ട മിനിമം പിരീഡുകൾ മൂന്നിൽ നിന്നും ആറിന് പകരം ഏഴിലേക്ക് ഫിക്സ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പി.എസ്.സി. കാറ്റഗറി നമ്പർ 246/2017 എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്ന് നടന്ന 142 ഓളം നിയമനങ്ങൾ 2017 ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചാണോ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് 2017 ലെ ഉത്തരവിന്റെ പേരിൽ നിയമന നിരോധനം നടപ്പാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അതിന് അടിസ്ഥാനം എന്തായിരുന്നു എന്ന് വിശദമാക്കാമോ?

## എയ്ഡഡ് യു.പി. സ്കൂളുകളെ ഹൈസ്കൂളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടിക്രമം

1409 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഒരു എയ്ഡഡ് യു.പി സ്കൂളിനെ എയ്ഡഡ് ഹൈസ്കൂളായി പരിവർത്തനം ചെയ്യുന്നതിനും ഒരു എയ്ഡഡ് യു.പി സ്കൂളിൽ അൺഎയ്ഡഡ് ഹൈസ്കൂൾ ആരംഭിക്കുന്നതിനും വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇതിനായി എന്തെല്ലാം രേഖകൾ ആവശ്യമാണ് എന്നും ഇതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച നടപടിക്രമം വിശദമാക്കുമോ?

## എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ലീവ് വേക്കൻസികളിലെ നിയമനം

1410 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ലീവ് വേക്കൻസികളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ

നിയമിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ മാനേജർമാർ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങൾ പിന്നീട് പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിക്കാത്തതു കാരണം അധ്യാപകർക്ക് വേതനം കിട്ടാത്തത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിതരാകുകയും അതിനു ശേഷം വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ അധ്യാപകർക്ക് നൽകാനുള്ള വേതനം മാനേജർമാരിൽനിന്നും ഈടാക്കി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറി തസ്തികയിലെ അദ്ധ്യാപക നിയമനങ്ങൾ

1411 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് അദ്ധ്യയന വർഷങ്ങളിൽ കേരളത്തിലെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇന്റർവ്യൂ ബോർഡിൽ സർക്കാർ പ്രതിനിധിയെ ലഭ്യമാക്കാത്തതിനാൽ നിലവിൽ ഹയർ സെക്കണ്ടറി അധ്യാപക നിയമനം നടക്കാത്ത തസ്തികകളുടെയും വിദ്യാലയങ്ങളുടെയും ലിസ്റ്റ് ജില്ല തിരിച്ചു ലഭ്യമാക്കാമോ?

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ

1412 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി എയ്ഡഡ് സ്കൂൾ അദ്ധ്യാപകനാവാൻ ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് തരംതിരിച്ചു നൽകുമോ; എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക നിയമനം അംഗീകരിക്കപ്പെടാൻ എടുക്കുന്ന കാലതാമസം എത്രയാണ് എന്നറിയിക്കുമോ; ഇത്തരം നിയമനങ്ങൾ സർക്കാർ അംഗീകരിക്കുന്നതിനാവശ്യമായ നടപടിക്രമം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കെ.ഇ.ആർ ചട്ടങ്ങൾ നിയമനത്തിന് ബാധകമാണോ എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) എറണാകുളം നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2018 മുതൽ 2024 വരെ ലഭ്യമായിട്ടുള്ള അദ്ധ്യാപക നിയമന അപേക്ഷകൾ എത്രയെന്ന് തരംതിരിച്ച് അറിയിക്കുമോ; എറണാകുളം ഉപവിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ 2018 മുതൽ 2024 വരെ എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് തരംതിരിച്ച് അറിയിക്കുമോ; ഇപ്രകാരം ലഭ്യമായ അദ്ധ്യാപക നിയമന അപേക്ഷകളിൽ എത്ര അപേക്ഷകളാണ് മേല്പറഞ്ഞ കാലഘട്ടത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്നും നിരസിക്കപ്പെട്ടിട്ടുള്ളതെന്നും തരംതിരിച്ച് അറിയിക്കുമോ; മേല്പറഞ്ഞ

കാലാവധിയിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എഡ്യൂക്കേഷണൽ ഏജൻസി, എഫ്.സി.സി. കോൺഗ്രിഗേഷൻ, സേക്രഡ് ഹാർട്ട് പ്രൊവിൻസ് എറണാകുളം-ക്ലാരപുരം ആലുവ -യിൽ നിന്നും സമർപ്പിച്ച അദ്ധ്യാപക നിയമന അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം തരംതിരിച്ച് നൽകുമോ?

**എറണാകുളം ജില്ലാ ആർ.ഡി.ഡി. ഓഫീസ്**

1413 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ല ഉൾപ്പെടുന്ന ആർ.ഡി.ഡി. ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വിദ്യാഭ്യാസ ജില്ലകൾ ഏതൊക്കെയാണ് എന്ന് അറിയിക്കുമോ; ഏതൊക്കെ വിഭാഗം ജീവനക്കാരുടെ എന്തെല്ലാം ആവശ്യങ്ങളിലാണ് ഒരു ആർ.ഡി.ഡി ഓഫീസ് മുഖാന്തരം നടപടി സ്വീകരിക്കപ്പെടുന്നത് എന്ന് അറിയിക്കുമോ; വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥന് ഏതെല്ലാം ആവശ്യങ്ങൾക്ക് ആർ.ഡി.ഡി. ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് എന്ന് വ്യക്തമാക്കുമോ;

(ബി) എറണാകുളം ആർ.ഡി.ഡി. ഓഫീസിനു കീഴിൽ വരുന്ന സ്കൂളുകളിൽ എത്ര ജീവനക്കാരുണ്ട് എന്ന് അറിയിക്കുമോ; അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ഓഫീസിന് സ്വന്തമായി വാഹനം ഉണ്ടോ എന്ന് അറിയിക്കുമോ; എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ആർ.ഡി.ഡി. ഓഫീസിനായി ഒരു കെട്ടിടം തിരഞ്ഞെടുക്കുമ്പോൾ അതിനു നിഷ്കർഷിക്കുന്ന വിസ്തീർണം അടക്കമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ; സ്വന്തമായി കെട്ടിടമില്ലാത്ത ആർ.ഡി.ഡി. ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കാമോ എന്ന് അറിയിക്കുമോ; ഇതിനായി വാടക എത്രരൂപ വരെ പ്രതിമാസം അനുവദിക്കപ്പെടും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

**എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത നൈപുണി കോഴ്സുകൾ**

1414 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ക്യൂ.എഫ്. (ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട്) അധിഷ്ഠിത നൈപുണി കോഴ്സുകൾ പൂർണ്ണമായും നടപ്പാക്കിയതോടെ വി.എച്ച്.എസ്.ഇ. പഠനത്തിന് കൂടുതൽ സ്വീകാര്യത ലഭിക്കുന്നുണ്ടോ;

(ബി) ഇത് കുട്ടികൾക്ക് ദേശീയ അംഗീകാരമുള്ള ഒരു തൊഴിൽ പരിശീലനത്തിന് കൂടി അവസരം ലഭ്യമാക്കുമോ; വിശദമാക്കാമോ?

**കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

1415 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഇലിപ്പക്കുളം കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് പ്ലാൻ ഫണ്ടിൽ നിന്ന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി അധികതുകയായ എട്ട് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചത് പരിഗണിച്ച് തുക അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിന് മാർഗരേഖ വേണമെന്ന് വനിതാ കമ്മീഷന്റെ ശിപാർശ

1416 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിന് മാർഗരേഖ വേണമെന്നും അദ്ധ്യാപകർക്ക് സംഘടനാസ്വാതന്ത്ര്യം അനുവദിക്കാൻ ചട്ടമുണ്ടാക്കണമെന്നും വനിതാ കമ്മീഷൻ നിർദേശിക്കുകയുണ്ടായോ; പ്രസ്തുത മാർഗരേഖകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും പരിശോധിക്കുന്നതിനും വിജിലൻസ് കമ്മിറ്റിയോ അപ്പലേറ്റ് അതോറിറ്റിയോ പരിശോധന നടത്തണമെന്ന് കമ്മീഷൻ നിർദേശിക്കുകയുണ്ടായോ;

(ബി) അദ്ധ്യാപികമാരുടെ മുറികളിലും സ്റ്റാഫ് റൂമുകളിലും സ്വകാര്യതയും സ്വാതന്ത്ര്യവും ഹനിക്കുന്ന നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നത് വിലക്കണമെന്നും കമ്മീഷൻ ഇതോടൊപ്പം നിർദേശിക്കുകയുണ്ടായോ;

(സി) പിരിച്ചുവിടുന്ന അദ്ധ്യാപകരുടെ പരാതി കേൾക്കാൻ ജില്ലാതല അപ്പലേറ്റ് അതോറിറ്റി വേണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാത്തതിനെ കമ്മീഷൻ വിമർശിക്കുകയുണ്ടായോ;

(ഡി) ഏതു സാഹചര്യത്തിലാണ് കമ്മീഷൻ ഇപ്രകാരമുള്ള നിരീക്ഷണങ്ങൾ നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തത്; മറ്റെന്തെല്ലാം ശിപാർശകളാണ് വനിതാ കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) കമ്മിഷന്റെ ശിപാർശകളും നിർദേശങ്ങളും നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## സ്പെഷ്യൽ സ്കൂളുകൾക്കുള്ള സാമ്പത്തിക സഹായം

1417 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ അംഗീകാരവും ധനസഹായവും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിനായി ഓരോ വർഷവും അപേക്ഷ ക്ഷണിക്കാറുണ്ടോ; എങ്കിൽ ഇപ്രകാരം ഈ വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചതിന്റെ വിവരങ്ങൾ നൽകാമോ;

(ബി) സ്പെഷ്യൽ സ്കൂളുകളിലെ പാക്കേജ് ഓണറേറിയത്തിനുള്ള സർക്കാരിന്റെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ഈ വർഷം ക്ഷണിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര തുകയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഈയിനത്തിൽ മുൻ സാമ്പത്തിക വർഷത്തെ വകയിരുത്തലിന്റെയും ചെലവിന്റെയും കണക്കുകൾ അറിയിക്കുമോ?

## <u>കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോങ്ങാട് മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ</u>

1418 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോങ്ങാട് മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങളും അവയ്ക്ക് ചെലവായ തുകയും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ആനുകൂല്യങ്ങൾ</u>

1419 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മുൻ സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ച പാക്കേജ് തുക സ്പെഷ്യൽ സ്കൂളുകൾക്ക് നൽകാൻ കഴിയാത്തതിന്റെ കാരണങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള മാനദണ്ഡപ്രകാരം സംസ്ഥാനത്തെ പല സ്പെഷ്യൽ സ്കൂളുകൾക്കും ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ ചട്ടങ്ങളിൽ മാറ്റം വരുത്തി സ്പെഷ്യൽ സ്കൂളുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും സമയബന്ധിതമായി സഹായങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>

1420 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില നിർവ്വഹണ ഏജൻസിയായി നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

## പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ട് ഉപയോഗിച്ചുള്ള സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

1421 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ട് മുഖാന്തിരം സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയ്ക്ക് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പുതുതായി അനുവദിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## സ്പെഷ്യൽ സ്കൂളുകളോട് അവഗണന

1422 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാരിന്റെ പ്രവർത്തനാനുമതിയും ബഡ്ജറ്റിൽ നീക്കിവച്ച വിഹിതവും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ, ഇതിന് ആധാരമായ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം 19 കുട്ടികൾ വരെ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; ബഡ്സ് സ്കൂളുകളിൽ ഒരു കുട്ടി മാത്രമേയുള്ളൂവെങ്കിൽ പോലും പ്രവർത്തനാനുമതിയും ധനസഹായവും സർക്കാർ നൽകുമ്പോൾ ഇപ്രകാരം ഒരു വിവേചനം സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ വരാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തെക്കുറിച്ചുള്ള സർക്കാർ ഉത്തരവിലെ അപാകതകൾ പരിഹരിച്ച് ഈ രംഗത്തെ പ്രതിസന്ധി ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്

1423 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2023-24 വർഷത്തിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; അത് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നടക്കാവ് ഗവൺമെന്റ് ടി.ടി.ഐ. യിലെ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം

1424 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ നടക്കാവ് ഗവൺമെന്റ് ടി.ടി.ഐ. യിൽ വിപുലമായ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എസ്.സി.ഇ.ആർ.ടി. കോവിഡ് കാലത്ത് നടത്തിയ ഗവേഷണ പഠനം

1425 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) "കോവിഡ് - 19 കാലഘട്ടം കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോസാമൂഹികവുമായ അവസ്ഥ" എന്ന പേരിൽ, എത്തിക്സ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ ചട്ടവിരുദ്ധമായി/നിയമവിരുദ്ധമായി നടപ്പിലാക്കിയ ഗവേഷണ പഠനത്തിനായി, നം.പി4 / 1819 / 20 എസ്.സി.ഇ.ആർ.ടി (തീയതി 19.12 .2020), നം.പി4 / 1819 / 2020 എസ്.സി.ഇ.ആർ.ടി (തീയതി 21 .06 .2021) എന്നീ ഉത്തരവുകൾ പ്രകാരം, എസ്.സി.ഇ.ആർ.ടി. പ്ലാൻ ഫണ്ടിൽ നിന്നും 7,68,662/- രൂപ അനുവദിച്ച നൽകിയത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് 11-06-2018 ലെ സ. ഉ. (പി).നം. 88/2018/ധന. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എസ്.സി.ഇ.ആർ.ടി. യുടെ ധനസഹായത്തോടെ നടത്തിയ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പൂർണമായ പകർപ്പ് നൽകാമോ;

(ഡി) എത്തിക്സ് കമ്മിറ്റിയുടെ അനുമതിയില്ലാതെ ഇങ്ങനെ ചട്ടവിരുദ്ധമായി/ നിയമവിരുദ്ധമായി ഗവേഷണ പഠനം നടത്തിയതിനും സർക്കാർ ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കുകയും ചെയ്ത ഗവേഷകർ/ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## അദ്ധ്യാപക പുനർവിന്യാസം

1426 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ബാധ്യതയില്ലാതെ അധ്യാപക പുനർവിന്യാസം വഴി അധിക ഡിവിഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ പുത്തൻ കടപ്പുറത്ത് നൂറുവർഷത്തിലേറെയായി പ്രവർത്തിക്കുന്ന എസ്.ബി.എസ്.എൽ.പി. സ്കൂളിന്റെ മാനേജർ അധിക ഡിവിഷൻ അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**പ്രൊബേഷൻ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി**</u>

1427 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ൽ 2006-ൽ ക്ലാർക്ക് ജോലിയിൽ പ്രവേശിച്ച ബിജോയ്.കെ.എം.ന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷയിൽ നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) 2023 മെയ് 31 ന് സർവ്വീസിൽ നിന്ന് വിരമിച്ച ടിയാന്റെ അപേക്ഷയിൽ തീർപ്പു കല്പിക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗിയായ ബിജോയിയുടെ പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>**ഹയർ സെക്കണ്ടറി സ്റ്റാഫ് ഫിക്സേഷൻ**</u>

1428 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്റ്റാഫ് ഫിക്സേഷൻ നടപടി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ഹയർ സെക്കണ്ടറി ജൂനിയർ-സീനിയർ അദ്ധ്യാപക പ്രമോഷൻ ഈ വർഷം എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

<u>**കോട്ടയം ജില്ലയിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ**</u>

1429 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട (നേരിട്ടുള്ള പി.എസ്.സി. നിയമനം) നിലവിലെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിന്നും 2025-ൽ വിരമിക്കുന്ന പ്രഥമാദ്ധ്യാപകർ, ലാംഗ്വേജ് അദ്ധ്യാപകർ എന്നിവരൊഴികെയുള്ള അദ്ധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും ഇപ്പോൾ ജോലിചെയ്യുന്ന സ്കൂളും വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ?

<u>**കെ-ടെറ്റ് യോഗ്യത നേടാനുള്ള അദ്ധ്യാപകർ**</u>

1430 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സാകാത്ത എത്ര അദ്ധ്യാപകരുണ്ടെന്ന് സർക്കാർ, എയ്ഡഡ് തിരിച്ച് വിശദമാക്കാമോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ നിയമ പ്രകാരം എന്ന് മുതലുള്ള നിയമനങ്ങൾക്കാണ് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയിട്ടുള്ളതെന്നും, പിന്നീട് എഴുതി എടുക്കണമെന്ന ഇളവോടെ എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ; അവരിൽ എത്ര പേർ പിന്നീട് യോഗ്യത നേടി എന്നും, ബാക്കിയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിലെ അദ്ധ്യാപക തസ്തികകൾ</u>

1431 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി സർക്കാർ സ്കൂളുകളിൽ എത്ര പ്രധാന അദ്ധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നികത്തുമെന്ന് വിശദമാക്കുമോ;

(ബി) ജില്ലയിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഈ വർഷത്തെ ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ പുതുതായി നിലവിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിലായി എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>സംരക്ഷിത അധ്യാപകരുടെ നിയമനം</u>

1432 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് സംസ്ഥാനത്തെ അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി ലഭ്യമായിട്ടുള്ള എൽ.പി.എസ്.ടി., യു.പി.എസ്.ടി. അധ്യാപക തസ്തികകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ 2023-24 അധ്യയന വർഷത്തിൽ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി ലഭ്യമായിട്ടുള്ള എച്ച്.എസ്.ടി. അധ്യാപക തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച്

ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത തസ്തികകളിൽ 2023-24 അധ്യയന വർഷത്തിൽ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(എഫ്) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് വേണ്ടി ലഭ്യമാക്കിയിട്ടുണ്ടായിരുന്ന തസ്തികകളിൽ 2023-24 അധ്യയനവർഷത്തിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചതിനുശേഷം ഒഴിഞ്ഞു കിടന്ന തസ്തികകൾ ഏതെല്ലാമാണെന്നും അവയുടെ എണ്ണം എത്രയായിരുന്നുവെന്നും തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ജി) 2023-24 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് സംസ്ഥാനത്തെ അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## തസ്തിക നിർണ്ണയ നടപടികൾ

1433 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി അധിക തസ്തികകൾ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ;

(ബി) 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.ടി., പി.ഡി. ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് എച്ച്.എം. പ്രമോഷൻ ഉൾപ്പെടെ പൂർത്തീകരിച്ചശേഷം ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.ടി . റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തസ്തിക നിർണ്ണയത്തെ തുടർന്ന് ഉണ്ടായ ഒഴിവുകൾ

1434 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; അധിക തസ്തികകൾ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ;

(ബി) 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് അനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.ടി. പി.ഡി. ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകൾ ഉള്ള പ്രൈമറി സ്കൂളുകളുടെ എണ്ണം, പേര് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) 2022 മെയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) 2022 മേയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എല്ലാ ഒഴിവുകളും, എച്ച്.എം. പ്രൊമോഷൻ മൂലമുണ്ടാവുന്ന ഒഴിവുകൾ ഉൾപ്പെടെ ആവശ്യമായ പ്രൊമോഷനുകൾ നടത്തി നിലവിലെ എൽ.പി.എസ്.ടി. ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ട്രാൻസ്ഫർ പട്ടിക

1435 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ തസ്തികകൾ ഒഴിച്ചിട്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ട്രാൻസ്ഫർ പട്ടിക പുറത്തിറക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം പട്ടിക പുറത്തിറക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാൻസ്ഫർ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമം പാലിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) തസ്തികകൾ ഒഴിച്ചിട്ട് ട്രാൻസ്ഫർ കരട് ലിസ്റ്റ് ഇറക്കിയത് അഴിമതി നടത്താനുള്ള ശ്രമമാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## എൽ.പി.എസ്.ടി (മലയാളം മീഡിയം) തസ്തികയിലെ ഒഴിവുകൾ

1436 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എൽ.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണം

1437 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി ഉമ തോമസ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ കടുത്ത ചൂഷണം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണങ്ങൾ തടയുന്നത് സംബന്ധിച്ച് വനിതാ കമ്മീഷൻ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കരാർ ജീവനക്കാർക്ക് ബാധകമാകുന്ന രീതിയിൽ തൊഴിൽ നിയമങ്ങളും സേവനവേതന വ്യവസ്ഥകളും പരിഷ്കരിക്കുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി പോഷ് (പ്രിവൻഷൻ ഓഫ് സെക്ഷ്വൽ ഹറാസ്മെന്റ് അറ്റ് ദ വർക്ക് പ്ലേസ്) ആക്ട് നടപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്

1438 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവിനും തൊഴിൽ ഇടങ്ങളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ഇരിപ്പിടം അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ഗാർഹിക തൊഴിലാളികളുടെ അവകാശം

1439 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കും അവരുടെ സേവന വേതന വ്യവസ്ഥകൾക്കും വേണ്ടി നടപടികൾ ആയിട്ടുണ്ടോ;

(ബി) തൊഴിൽ ഇടങ്ങളിലെ ചൂഷണവും സാമ്പത്തിക ചൂഷണവും തടയാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ?

## കൂടുതൽ ഇ എസ് ഐ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി

1440 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഇ.എസ്.ഐ ക്ലിനിക്കുകൾ ആരംഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നിലവിലുള്ള ഇ.എസ്.ഐ ക്ലിനിക്കുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ

1441 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 കാലയളവിൽ അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ നൽകിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ആനുകൂല്യങ്ങളും

1442 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ആനുകൂല്യങ്ങളും ഉറപ്പു വരുത്താൻ നിയമ നിർമ്മാണം നടത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ലേബർ കോടതികളുടെ പ്രവർത്തനങ്ങൾ

1443 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലേബർ കോടതികളുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ ലേബർ കോടതികളുടെ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര ചെലവഴിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ ലേബർ കോടതികൾ 2016 മുതൽ നാളിതുവരെ ഓരോ വർഷവും ലഭിച്ച കേസുകളുടെ എണ്ണവും തീർപ്പാക്കിയ കേസുകളുടെ എണ്ണവും വ്യക്തമാക്കുമോ; നിലവിൽ എത്ര കേസുകൾ തീർപ്പ് കൽപ്പിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തെയും മറ്റ് സംസ്ഥാനങ്ങളിലെയും മിനിമം കൂലി നിരക്കുകളുടെ താരതമ്യപഠനം

1444 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന തൊഴിൽ മേഖലകളിൽ കേരളത്തിലെ മിനിമം കൂലി നിരക്കും മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി നിരക്കും തമ്മിലുള്ള താരതമ്യ പഠനം സംബന്ധിച്ച റിപ്പോർട്ടുകൾ എന്തെങ്കിലും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സുരക്ഷിതമല്ലാത്തതും ചൂഷണ സ്വഭാവമുള്ളതുമായ തൊഴിൽ അന്തരീക്ഷം

1445 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി സമ്മർദ്ദത്തെ തുടർന്ന് മലയാളിയായ ചാർട്ടേഡ് അക്കൗണ്ടന്റ് മരണപ്പെട്ട സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സുരക്ഷിതമല്ലാത്തതും ചൂഷണ സ്വഭാവമുള്ളതുമായ തൊഴിൽ അന്തരീക്ഷം ഒഴിവാക്കുന്നതിനും കോർപ്പറേറ്റ് മേഖലയിലും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിച്ചുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്ന ലേബർ കോഡുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വിശദാംശം നൽകുമോ ?

## തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കൽ

1446 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ അടിസ്ഥാന ജീവിത ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും ഉപഭോക്തൃവില സൂചികയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ പ്രതിദിന വേതനം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമഗ്ര സർവേ നടത്തുന്നതിന് സർക്കാർ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് സർവ്വേ പൂർത്തിയാക്കാനുദ്ദേശിക്കുന്നതെന്നു വിശദീകരിക്കുമോ;

(ഡി) ഐ. ടി. മേഖലയിലും, ഐ. ടി. അനുബന്ധ മേഖലകളിലും തൊഴിലെടുക്കുന്നവരുടെ സേവന വേതന കരാറുകൾ കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## തൊഴിൽ നിയമങ്ങൾ പാലിക്കുന്നത്

1447 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ പൊതുമേഖലാ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി നിലവിലുണ്ടോ; വിശദമാക്കാമോ?

## <u>വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി</u>

1448 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ 2017-ന് അനുമതി ലഭ്യമായ വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) കെട്ടിടവും ജീവനക്കാരെയും ലഭ്യമാക്കി പ്രസ്തുത ഡിസ്പെൻസറി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>തലപ്പിള്ളി മോഡൽ കരിയർ സെന്റർ</u>

1449 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 22.02.2024 തീയതിയിലെ സ.ഉ.(സാധാ)നം.236/2024/എൽ.ബി.ആർ. പ്രകാരം കേന്ദ്ര ഫണ്ട് വിനിയോഗിക്കാൻ അനുമതി ലഭ്യമായ തലപ്പിള്ളി മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഏത് അംഗീകൃത ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) തലപ്പിള്ളി മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>ആർക്കിടെക്ചറൽ അസിസ്റ്റന്റ് സൂപ്പർവൈസർ (ബി) ലൈസൻസ്</u>

1450 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ ടി ഐ കളിൽ നിന്നും ആർക്കിടെക്ചറൽ അസിസ്റ്റന്റ് കോഴ്സ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് സൂപ്പർവൈസർ (ബി) ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത ട്രെയിനികൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ടി വിഷയം പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സമിതിയുടെ ശിപാർശ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കേരള സവാരി ആപ്ലിക്കേഷൻ

1451 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ ടാക്സി സംവിധാനം എന്ന ഖ്യാതിയോടെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പങ്കാളിത്തത്തോടെ പ്രവർത്തനമാരംഭിച്ച കേരള സവാരി ആപ്ലിക്കേഷന് ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് കരുതുന്നുണ്ടോ;

(ബി) ഈ സംരംഭം പരാജയപ്പെട്ടതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത് ; ഈ സംരംഭത്തിനായി ആകെ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളത്;

(സി) ഇത് പുനരുദ്ധരിക്കുന്നതിനായി സ്വകാര്യ ആപ്ലിക്കേഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സ്വകാര്യ ആപ്ലിക്കേഷനുമായി ചേർന്ന് പ്രവർത്തിക്കുക;

(ഡി) ഉയർന്ന കമ്മീഷൻ ഈടാക്കുന്ന സ്വകാര്യ ഏജൻസിയുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ അത് മോട്ടോർ വാഹന തൊഴിലാളികളുടെയും വാഹന ഉടമകളുടെയും വരുമാനത്തിൽ വലിയ ഇടിവുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ തെഴിലാളികൾക്കും വാഹന ഉടമകൾക്കും നഷ്ടം വരാതെ പദ്ധതി വിജയത്തിലെത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പുതുതായി ആരംഭിച്ച ഐ.ടി.ഐ. സ്ഥാപനങ്ങളുടെ വിവരം

1452 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്ത് ആരംഭിച്ച ഐ.ടി.ഐ. കളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഐ.ടി.ഐ. കളിൽ ഏതൊക്കെ ട്രേഡുകളാണ് ആരംഭിച്ചതെന്നും എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഐ.ടി.ഐ ട്രേഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി

1453 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ വിവിധ വകുപ്പുകളിലും മറ്റു സർക്കാർ ഏജൻസികളിലുമായി എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ഇപ്രകാരം എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം

1454 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ, 70%-നു മുകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളിൽ ഒരാളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇത്തരം കുട്ടികളെ പരിചരിക്കുന്ന, പരിശീലിപ്പിക്കുന്ന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ജോലി ഒഴിവുകളിലേക്ക് കരാർ,ദിവസവേതനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം എന്നിവയിൽ മുൻഗണന നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

1455 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും താൽക്കാലിക നിയമനങ്ങളിൽ ബഹുഭൂരിപക്ഷവും നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നടക്കുന്നത് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം നിയമനങ്ങൾ സി.എൻ.വി. (കംപൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ടിന് വിധേയമായി സർക്കാർ പുറത്തിറക്കിയ 05.02.2014 -ലെ 25941/ജി. 2/2013/എൽ.ബി.ആർ. സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോ എന്ന് അറിയിക്കാമോ;

(സി) പി.എസ്.സി. ക്ക് വിടാത്ത തസ്തികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന സർക്കുലർ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇതുമൂലം ഇത്തരം നിയമനങ്ങളിലെ സംവരണം അട്ടിമറിക്കപ്പെടുന്നുണ്ടോയെന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ

1456 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ കറുകുറ്റി വില്ലേജ് വക ഭൂമിയിൽ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായി വാല്യുവേഷനും സർവ്വേ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ടോ; മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നത് വരെ കറുകുറ്റി വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യങ്ങൾ സംബന്ധിച്ച കത്ത് പൊതുമരാമത്ത് വകുപ്പിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനും വില്ലേജ് ഓഫീസ് മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകുമോ?

## <u>യൂണിക് തണ്ടപ്പേർ സിസ്റ്റം</u>

1457 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റ് സിസ്റ്റത്തിലുള്ള വസ്തുവിൽ ഫ്ലാറ്റ് ഓണർ ആയ വ്യക്തികൾക്ക് യൂണിക് തണ്ടപ്പേർ അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിക് തണ്ടപ്പേർ വില്ലേജാഫീസുകളിൽ പ്രാവർത്തികമാക്കുന്നതിന് പരിചയസമ്പന്നരായ വ്യക്തികളെ വച്ച് പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ?

## <u>പൊതു ആവശ്യങ്ങൾക്കായി വിട്ടു നൽകുന്ന ഭൂമി</u>

1458 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വിവിധ ആവശ്യങ്ങൾക്കായി വ്യക്തികൾ ഭൂമി വിട്ടു നൽകുമ്പോൾ പ്രസ്തുത ഭൂമി വിവിധ വകുപ്പുകളുടെ ആസ്തിയിലേക്ക് ഉൾപ്പെടുത്തിയും ഇപ്രകാരം റീലിങ്ക്വിഷ് ചെയ്യുന്ന ഭൂമി ഗവർണറുടെ പേരിലുള്ള തണ്ടപ്പേരിലേക്ക് മാറ്റിയും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതു കിണറുകൾ, റോഡുകൾ, ആതുരാലയങ്ങൾ, അംഗൻവാടികൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകപ്പെടുന്ന ഇപ്രകാരമുള്ള ഭൂമി ഇപ്പോഴും സർക്കാരിന്റെ ഉടമസ്ഥതയിൽ തന്നെയാണോ ഉള്ളതെന്ന് പരിശോധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇപ്രകാരമുള്ള ഭൂമി സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കയ്യേറി അവരുടെ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി എന്ത് ആവശ്യത്തിനാണോ വിട്ട് നൽകിയിട്ടുള്ളത് അപ്രകാരമുള്ള ആവശ്യത്തിന് വിനിയോഗിക്കാതെ വന്നാൽ പ്രസ്തുത ഭൂമി വിട്ടുനൽകിയ വ്യക്തികൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സർക്കാരിലേക്ക് ഇപ്രകാരം വിട്ടു നൽകപ്പെട്ടിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണം, വിട്ടു നൽകിയ ആൾ, വിട്ടു നൽകപ്പെട്ട ഉദ്ദേശം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ ഒരു ലിസ്റ്റ് വില്ലേജ് തലത്തിൽ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കുളത്തുമ്മൽ ജി.എച്ച്.എസ്.എസ് സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിനായുള്ള ഭൂമി

1459 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിലെ കുളത്തുമ്മൽ ജി.എച്ച്.എസ്.എസ് സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിനായുള്ള ഭൂമിയുടെ വില നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന് എന്നാണ് ലഭ്യമായത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ നൽകാമോ ?

## റവന്യൂ റിക്കവറി

1460 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാന സർക്കാരിന് വായ്പ തിരിച്ചടവുകളിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് അധികാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ജപ്തി ചെയ്ത ഭൂമി ഉടമസ്ഥർക്ക് തിരികെ ലഭിക്കുന്നതിനും വായ്പ തിരിച്ചടവിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത്

1461 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി ഗ്രാമപഞ്ചായത്തുകൾക്കും സ്വകാര്യ വ്യക്തികൾക്കും വാണിജ്യാവശ്യത്തിനായി പാട്ടത്തിന് നൽകുന്നത് പരിഗണനയിലുണ്ടോ;

(ബി) കൃത്യമായ മാനദണ്ഡങ്ങൾക്കനുസൃതമായി ഇത്തരത്തിൽ ഭൂമി പാട്ടത്തിന് നൽകുന്നതിലൂടെ വരുമാനം ഉയർത്താൻ സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## പോക്കുവരവിനുള്ള കാലതാമസം

1462 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം വില്ലേജ് ഓഫീസുകളിൽ പോക്കുവരവിന് സമർപ്പിക്കുന്ന അപേക്ഷകളിൽ മാസങ്ങളുടെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ബി) പോക്കുവരവിന് ലഭിക്കുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പാക്കുന്നത് ; ടി അപേക്ഷകൾ തീർപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ടി അപേക്ഷകൾക്ക് സമയ പരിധി നിശ്ചയിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ മണക്കാട്, കടകംപള്ളി, വഞ്ചിയൂർ വില്ലേജുകളിൽ പോക്കുവരവിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

## മലമ്പുഴ-II വില്ലേജ് ഓഫീസ്

1463 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ 'മലമ്പുഴ-II' വില്ലേജ് ഓഫീസ് നിലവിൽ വളരെ കാലപ്പഴക്കം ചെന്ന കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത് എന്ന വസ്തുത റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ-II വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

## മാവേലിക്കര തെക്കേക്കര വില്ലേജിലെ ഐ .ടി .ഐ. പുറമ്പോക്ക് ഭൂമി

1464 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തെക്കേക്കര വില്ലേജിൽ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐയും അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലവും (സർവ്വെ നമ്പർ 295/14-1, 14-2) റവന്യൂ പുറമ്പോക്ക് ആണോയെന്ന് വ്യക്തമാക്കുമോ;

(ബി) അല്ലെങ്കിൽ ഏത് വകുപ്പിന്റെ അധീനതയിലാണ് വരുന്നത് എന്ന വിവരം അറിയിക്കുമോ?

**ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ**

1465 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റം നടത്തുന്നതിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം നിലവിൽ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് ലഭിക്കുന്ന അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ അറിയിക്കാമോ?

**കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ**

1466 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മണാശ്ശേരി - കുളിമാട് റോഡിന്റെ വയൽ ഭാഗത്തുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് പ്രവൃത്തിക്ക് കരാർ നൽകുകയും ഭൂമി മുൻകൂർ വിട്ടുനൽകാൻ ഉടമകൾ സമ്മതമറിയിച്ച് കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിൽ, പദ്ധതിയുടെ അടിയന്തര സാഹചര്യം പരിഗണിച്ച് നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

**കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസന ഭൂമി**

1467 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിന് വേണ്ടി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറ്റെടുത്ത ഭൂമിയുടെ അവകാശികൾക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ; ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരം ഇനിയും നൽകാനുള്ളവരുടെ പേരും വിവരങ്ങളും,എത്ര രൂപ വീതം നൽകാൻ ഉണ്ടെന്നും, നഷ്ടപരിഹാരം വൈകുന്നതിന് കാരണം എന്താണെന്നും തരംതിരിച്ച് വിശദമാക്കുമോ;

(ഡി) റൺവെ വികസനത്തിന് വേണ്ടി അടയ്ക്കുന്ന എയർ പോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജിൽ ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിന് നടപടി

1468 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജ് പരിധിയിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരിക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഉപയോഗാനുമതി നല്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

1469 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## റവന്യൂഭൂമിയിലെ ഖനനം

1470 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂഭൂമിയിലെ ഖനനം സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ റവന്യൂഭൂമിയിലെ ഖനനവുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ചട്ടങ്ങൾ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; വിശദമാക്കാമോ;

(സി) ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലെങ്കിൽ നിലവിൽ റവന്യൂഭൂമിയിലെ ഖനനം എന്ത് അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

## ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ

1471 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് പെൻഡിംഗുള്ളതെന്ന് വർഷം തിരിച്ചും ജില്ല തിരിച്ചും വിശദീകരിക്കുമോ;

(ബി) 2017-ന് ശേഷം ആധാരം രജിസ്റ്റർ ചെയ്ത 25 സെന്റിൽ താഴെ വിസ്തീർണമുള്ള ഭൂമി തരം മാറ്റുന്നതിന് ഫീസ് ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച കോടതി വിധി വിശദമാക്കാമോ;

(ഡി) ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കിയാണോ അതോ മാർക്കറ്റ് വില നിജപ്പെടുത്തിയാണോ തരം മാറ്റുന്നതിന് ഫീസ് ഈടാക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി ചുമതല നൽകിയിട്ടും, ആയിരക്കണക്കിന് അപേക്ഷകൾ പെൻഡിംഗിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എഫ്) 25 സെന്റ് വരെയുള്ള ഭൂമി തരം മാറ്റുന്നതിനുള്ള ചുമതല തഹസീൽദാർമാർക്ക് നൽകുമോ; വ്യക്തമാക്കാമോ?

## തൃശ്ശൂർ താലൂക്ക് വിഭജനം

1472 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്ക് വിഭജനവുമായി ബന്ധപെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## തോട്ടം ഭൂമി നിയമവിരുദ്ധമായി തരംമാറ്റി ഉപയോഗിക്കുന്നതിനെതിരെയുള്ള നടപടി

1473 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം ഭൂമി നിയമവിരുദ്ധമായി തരം മാറ്റി ഉപയോഗിക്കുന്നതായി റവന്യൂ വകുപ്പിന് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഇത് സംബന്ധിച്ച് തയ്യാറാക്കിയ 2016 മുതലുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## താലൂക്ക് വികസന സമിതി

1474 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ താലൂക്ക് വികസന സമിതികൾ എല്ലാ താലൂക്കുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; വിശദമാക്കാമോ;

(ബി) പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്തമായ കൂട്ടായ്മയിലൂടെ സംഘടിപ്പിക്കപ്പെട്ടിരുന്ന താലൂക്ക് സഭകൾ അല്ലെങ്കിൽ താലൂക്ക് വികസന സമിതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ വന്നതിനുശേഷം എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉദ്യോഗസ്ഥർക്ക് താലൂക്ക് വികസന സമിതികളോടുള്ള താല്പര്യ കുറവ് കാരണം പലയിടങ്ങളിലും ഇവ പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) താലൂക്ക് വികസന സമിതിയിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും ഉദ്യോഗസ്ഥരുടെ മറുപടി മാത്രം കൊണ്ട് അവസാനിപ്പിക്കണമെന്നും തീർപ്പാക്കണമെന്നും എന്തെങ്കിലും നിർദ്ദേശം താലൂക്ക് വികസന സമിതികളെ സംബന്ധിച്ച് നൽകിയിട്ടുണ്ടോ;

(ഇ) താലൂക്ക് വികസന സമിതിയിൽ ലഭിക്കുന്ന പരാതിയിന്മേൽ ഉദ്യോഗസ്ഥലത്തിൽ നടപടി എടുക്കാത്ത സാഹചര്യത്തിൽ തുടർന്നും പരാതി ലഭിക്കുകയും അങ്ങനെയുള്ള പരാതികളിൽ ഉദ്യോഗസ്ഥരോടൊപ്പം ജനപ്രതിനിധികളെയും ഉൾപ്പെടുത്തിയ സബ്കമ്മിറ്റികൾ വയ്ക്കുന്നത് പാടില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) താലൂക്ക് വികസന സമിതിയിൽ ഓഫീസ് മേധാവിക്കോ അല്ലെങ്കിൽ ഉത്തരവാദിത്തപ്പെട്ട തൊട്ടടുത്ത ഉദ്യോഗസ്ഥനോ പകരം ഓഫീസിലെ ഏതെങ്കിലും ഒരാൾ പങ്കെടുത്താൽ മതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

## <u>ശങ്കരമംഗലം ജംഗ്ഷനിലെ ഭൂമി കയ്യേറ്റം</u>

1475 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ പന്മന വില്ലേജിൽ ശങ്കരമംഗലം ജംഗ്ഷനിലെ സർക്കാർ ഭൂമി കയ്യേറി കടകൾ സ്ഥാപിച്ചത് നാളിതുവരെ ഒഴിപ്പിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഒഴിപ്പിക്കാത്തത് ചവറ സിവിൽ സ്റ്റേഷന്റെ നിർമ്മാണം വൈകാൻ കാരണമാകും എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം അടിയന്തരമായി ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വനഭൂമിയിൽ കുടിയേറിയതും ഇതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവരം</u>

1476 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26/02/2024 -ലെ എൽ.ആർ/846/ 2023 -എൽ.ആർ(JII) നമ്പർ സർക്കുലർ പ്രകാരം 01/01/1977 - ന് മുൻപ് വനഭൂമിയിൽ കുടിയേറിയതും ഇതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവരം നിശ്ചിത ഫോറത്തിൽ കേരളത്തിലെ വില്ലേജ് ഓഫീസർമാർ മുഖാന്തിരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ വനഭൂമിയിലെ കൈവശവകാശക്കാർക്ക് പട്ടയം പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ എന്ന് നടപ്പിലാക്കും;വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>കരിമ്പുകയം ചെക്ക്ഡാമിന് സമീപമുള്ള പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ</u>

1477 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിൽപ്പെട്ടതും കരിമ്പുകയം ചെക്ക് ഡാമിന് സമീപമുള്ള ഏകദേശം ഒന്നര കിലോമീറ്റർ നീളത്തിലുള്ള എട്ടര ഏക്കർ സർക്കാർ പുറമ്പോക്ക് സ്ഥലം 30-03-2017-ൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പാലാക്കുന്നേൽ എസ്റ്റേറ്റിന്റെ പേരിൽ തണ്ടപ്പേർ പിടിച്ചതുമായി ബന്ധപ്പെട്ട്

മേൽക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപ്പീലിന്റെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനുള്ള നിയമത്തിന് വിരുദ്ധമായ ഈ നടപടികൾ സംബന്ധിച്ച് റവന്യൂ, ഇന്റലിജൻസ് സഹിതമുള്ള ഏജൻസികളുടെ സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസിൽദാറുടെ 30-03-2017-ലെ ഡി3/6115/10 നമ്പർ നടപടി ഉത്തരവ് അടിയന്തരമായി റദ്ദ് ചെയ്ത് സർക്കാർ ഭൂമി തിരികെപ്പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സുനാമി കോളനിയിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച്

1478 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം സുനാമി നഗറിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലാ വികസന സമിതിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് രണ്ട് വർഷമായിട്ടും നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

## ചാവക്കാട് ബീച്ചിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

1479 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചാവക്കാട് ബീച്ചിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ചാക്കോച്ചിറ നിവാസികൾക്ക് പട്ടയം

1480 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിലെ തൊറവ് വില്ലേജിൽ ഒരു നൂറ്റാണ്ടിലധികമായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും ചാക്കോച്ചിറ എന്ന സ്ഥലപ്പേര് ചിറ പുറമ്പോക്ക് എന്ന് രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടയം കൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

1481 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാന്തലാട് വില്ലേജിലെ ഒരങ്കോകുന്ന്, മണ്ടോപ്പാറ നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിലെ നിവാസികൾക്ക് പലർക്കും ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ചിട്ടും പട്ടയം ഇല്ല എന്ന കാരണത്താൽ വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള പട്ടയം</u>

1482 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ എത്രപേർക്ക് ഭൂമി അനുവദിച്ച് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലാൻഡ് അസൈൻമെൻറ് ഓർഡർ ലഭിക്കുകയും എന്നാൽ സമയപരിധിക്കുള്ളിൽ തുക അടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്ത എറണാകുളം ജില്ലയിലെ എടവനക്കാട് ഓടാംപറമ്പിൽ ബേബി കാലതാമസം മാപ്പാക്കി ഭൂമി പതിച്ചു കിട്ടുന്നതിനായി നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>പട്ടയ സാധൂകരണം</u>

1483 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ ചെറുകര മിച്ചഭൂമിയിൽ താമസക്കാർക്ക് പട്ടയ സാധൂകരണം ചെയ്തു നൽകുന്നതിന് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;വിശദമാക്കാമോ;

(ബി) ഇവിടെ ഇനിയും അപേക്ഷ സമർപ്പിക്കാനുള്ളവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് , ലാൻഡ് ബോർഡിലേക്ക് അയച്ച് സാധൂകരണ നടപടിപൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോഴേക്കും പൂർത്തിയാക്കാനാകും വിശദമാക്കാമോ;

(സി) പുനലൂർ താലൂക്കിലെ ഏരൂർ വില്ലേജിൽ ഉൾപ്പെട്ട നടുക്കുന്നിൻപുറം മിച്ചഭൂമിയുടെ കൈമാറ്റം സാധൂകരിക്കുന്നതിനായുള്ള അപേക്ഷകളിൻമേൽ ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ എത്ര കേസുകൾ ലാൻഡ് ബോർഡിന്റെ പരിഗണനയിൽ ഉണ്ടെന്നും ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ എപ്പോഴേക്കും പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

## <u>പട്ടയ വിതരണം</u>

1484 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ എൽ.റ്റി(ലാന്റ് ട്രിബ്യൂണൽ)&എൽ.എ(ലാന്റ് അസൈൻമെന്റ്) പട്ടയങ്ങൾക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പട്ടയങ്ങൾ സമയബന്ധിതമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) നൊച്ചാട് വില്ലേജിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട്; വിതരണം ചെയ്യാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം എത്രയാണ്; പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) റവന്യൂ രേഖകളിലെ പിശക് കാരണം പട്ടയം ലഭിക്കാത്ത പ്രസ്തുത വില്ലേജിലെ അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കെട്ടിടങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം</u>

1485 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മൂക്കന്നൂർ, തുറവൂർ, കറുകുറ്റി വില്ലേജ് പരിധിയിൽ 03.05.2024-ന് അങ്കമാലി പോലീസ് വെടിമരുന്ന് നിർവ്വീര്യമാക്കുന്ന സമയത്ത് ഉണ്ടായ പൊട്ടിത്തെറിയിൽ കേടുപറ്റിയ കെട്ടിടങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകളുടെയും രൂപയുടെയും നഷ്ടമാണ് ഉണ്ടായതെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകാമെന്നത് വ്യക്തമാക്കാമോ?

## <u>വയനാട് ദുരന്തത്തിനിരയായ കുടുംബങ്ങളുടെ പുനരധിവാസം</u>

1486 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ ദുരന്തത്തിനിരയായ കുടുംബങ്ങളുടെ പുനരധിവാസം ഏത് ഘട്ടത്തിലാണെന്ന വിശദമാക്കാമോ;

(ബി) ക്യാമ്പുകളിൽ നിന്ന് വാടക വീടുകളിലേക്കോ ബന്ധുവീടുകളിലേക്കോ മാറി താമസിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഔദ്യോഗിക രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനും ദുരന്തബാധിതർക്ക് അടിയന്തര ധസഹായം ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ദുരന്തബാധിതരുടെ സുസ്ഥിര പുനരധിവാസം സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; ടൗൺഷിപ്പ് നിർമ്മാണം എന്ന ആശയം നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**വിജയ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലം**

1487 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ പ്രവർത്തിച്ച വരുന്ന വിജയ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലം ഏതൊക്കെ സർവ്വേ നമ്പരിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരുന്നതിന് മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പെരിന്തൽമണ്ണ താലൂക്കിൽ ഭൂമി തരം മാറ്റലിന് ലഭിച്ച അപേക്ഷകൾ**

1488 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഭൂമി തരം മാറ്റൽ, ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കൽ എന്നിവക്കായി എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് മാസം കൊണ്ട് എത്ര അപേക്ഷകളിൻമേൽ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കിയെന്ന് വിശദമാക്കുമോ?

**തിരുവല്ല – മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ**

1489 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല – മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയം നീട്ടി നൽകണമെന്നുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കാഞ്ഞാണി–ചാവക്കാട് റോഡ് നവീകരണം**

1490 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് റോഡിന്റെ ഏനമാവ് ചർച്ചിന് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത റോഡ് വികസനത്തിനായി ഏറ്റെടുക്കാനുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും എത്ര പേരുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുക്കുന്നതെന്നും അറിയിക്കാമോ;

(സി) വളരെയേറെ ഗതാഗതക്കുരുക്കുള്ള പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## <u>കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലത്തിനായി സ്ഥലമെടുക്കൽ</u>

1491 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) കുറുപ്പന്തറ റെയിൽവേ ഓവർ ബ്രിഡ്ജിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്ക് എതിരെ ഉണ്ടായ കേസുകളിൽ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; കേസ് തീർപ്പാക്കാൻ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു;

(സി) കോതനല്ലൂർ റെയിൽവേ ഓവർ ബ്രിഡ്ജ് (റോഡ് ഓവർ ബ്രിഡ്ജസ് ) (എൽ.സി. നം.-23) സർവെ നടപടികൾ പൂർത്തീകരിച്ച് എൽ.എ. സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ബി. വി. ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ഡി) കടുത്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ അംഗീകരിച്ച് 20.06.2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചശേഷം ഉണ്ടായ തുടർ നടപടി വിശദീകരിക്കാമോ?

## <u>ഭൂമി ഏറ്റെടുക്കൽ</u>

1492 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ അംഗീകാരം ലഭിച്ച മാവൂർ എൻ.ഐ.ടി.-കൊട്ടവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളത്; ഇവ ഓരോന്നും പൂർത്തീകരിക്കാൻ കഴിയുന്ന സമയക്രമം വിശദമാക്കാമോ?

## <u>കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടി</u>

1493 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷം മുൻപ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിയുടെ 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, റോഡ് തകരാറിലായി ഗതാഗത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, അടിയന്തരമായി ഉദ്യോഗസ്ഥരെ നിയോഗിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉറിയാക്കോട് ജംഗ്ഷൻ വികസനം

1494 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഉറിയാക്കോട് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റടുക്കൽ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ഏറ്റുമാനൂർ-എറണാകുളം റോഡ്

1495 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) 10.07.2023-ന് ഗസറ്റിൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം ഏറ്റെടുക്കേണ്ട എല്ലാ സ്ഥലങ്ങളുടേയും സർവ്വെ നടത്തി സബ് ഡിവിഷൻ റെക്കോർഡുകൾ തയ്യാറാക്കി ജില്ലാ സർവെ സൂപ്രണ്ടിന് സമർപ്പിച്ചുവെങ്കിലും തുടർ നടപടികൾ സ്വീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ്ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളും റീസർവെ നമ്പരുകളും റിക്വസിഷനിലും സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അർത്ഥനാധികാരി ലാന്റ് കോസ്റ്റ് അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ?

## കടമക്കുടി-പിഴല പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

1496 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി-പിഴല പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്നും കാലതാമസത്തിന് കാരണം എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## വക്കം-കായിക്കര കടവ് പാലം നിർമ്മാണം

1497 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം-കായിക്കര കടവ് പാലം നിർമ്മാണം സ്ഥലം ഏറ്റെടുക്കൽ ഏതു ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ദർഭക്കുളം മിച്ചഭൂമി

1498 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിൽ സർവ്വെ 959/1/1-ൽപ്പെട്ട സ്ഥലം, പത്തനാപുരം താലൂക്ക് ലാന്റ് ബോർഡിന്റെ 17/5/1974-ലെ 301/13/ പി. റ്റി. പി. എം. നമ്പർ ഉത്തരവ് പ്രകാരം 22/10/75-ന് പൂവ്വാർ ഫാത്തിമ മൻസിലിൽ എൻ. നൂർജഹാനിൽനിന്നും മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതാണെന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കൊല്ലം ജില്ലാ കളക്ടറുടെ 29/12/75-ലെ ഉ. നം. എൽ.5-20366/74 പ്രകാരം പ്രസ്തുത ഭൂമിയിൽ നിന്നും ഒരേക്കർ വീതം 200 കുടുംബങ്ങൾക്കായി വിതരണം ചെയ്യുവാൻ ഉത്തരവായിരുന്നതിന്റെ പകർപ്പും, അതിന്റെ അടിസ്ഥാനത്തിൽ അസൈൻമെന്റ് ഓർഡർ നൽകിയിട്ടുള്ള കക്ഷികളുടെ പേര് വിവരങ്ങളും മേൽവിലാസവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമി വനം വകുപ്പ് ഏറ്റെടുക്കാൻ ഇടയായ സാഹചര്യവും, ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകൾ ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ 6/2/2008 തീയതിയിൽ കൊല്ലം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന വനം-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഭൂമി തരംമാറ്റൽ

1499 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റം ചെയ്യുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം

1500 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടും പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെട്ടിടത്തിൽ ക്യാബിനുകൾ ഒരുക്കുന്നതിനും, ഫർണിച്ചറുകൾ വാങ്ങുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഭൂമി തരം മാറ്റലിന് അദാലത്തുകൾ നടത്താൻ നടപടി

1501 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദാലത്തുകൾ നടത്തി ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഭൂമി തരം മാറ്റലിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ?

## തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസ്

1502 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പോസ്റ്റ് ഓഫീസ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി

1503 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കച്ചേരി നടയിൽ പോസ്റ്റ് ഓഫീസ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം വീണ്ടെടുക്കുന്നതിനും ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും ആയി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ

1504 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റാനും,ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കാനും എത്ര അപേക്ഷകൾ നാദാപുരം മണ്ഡലത്തിൽ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വില്ലേജുകളിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടെയുള്ള അപേക്ഷകൾ സംബന്ധിച്ച് ആർ.ഡി.യ്ക്ക് യഥാസമയം റിപ്പോർട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

## കരുതലും കൈത്താങ്ങും അദാലത്ത് - ബാബു ഐസക് ജോൺ

1505 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ 2023 മെയ് 23 ന് നടന്ന കൃഷി, വ്യവസായം എന്നീ വകുപ്പ് മന്ത്രിമാർ പങ്കെടുത്ത 'കരുതലും കൈത്താങ്ങും' അദാലത്തിൽ ഡോക്കറ്റ് നമ്പർ. ഇ.കെ.എം. /0206/എസ് /20151 തീരുമാനം പ്രകാരം നാൽപ്പത്തിയഞ്ച് വർഷമായി പുരയിടമായി കരം അടച്ചുകൊണ്ടിരുന്ന ബാബു ഐസക് ജോണിന്റെ തോപ്പുംപടി വില്ലേജിലെ സർവേ നമ്പർ 1043/2-11 പ്രകാരമുള്ള 02.63 ആർ ഭൂമി പെട്ടെന്ന് നിലമായി രേഖകളിൽ മാറിയത് പുരയിടമായി തരംമാറ്റി ഒരു മാസത്തിനകം നൽകാൻ തീരുമാനമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനപ്രകാരം 05.06.2023ലെ കത്ത് നമ്പർ എൽ4-3042/2023 കൊച്ചി തഹസിൽദാർ ഓഫീസിൽ നിന്നും ഫോർട്ട് കൊച്ചി ആർ.ഡി.ഒ.യ്ക്കു ബാബു ഐസക് ജോണിന്റെ ഭൂമി ഒരു മാസത്തിനകം തരം മാറ്റി നൽകുന്നതിനായി കത്ത് അയച്ചിട്ടുണ്ടോ ;

(സി) കൊച്ചി താലൂക്കിലെ തരം മാറ്റം അപേക്ഷ നമ്പർ 1/2024/119196 ബാബു ഐസക് ജോണിന്റെ ഫോം -6 അപേക്ഷയിൽ 'കരുതലും കൈത്താങ്ങും' അദാലത്തിൽ ഡോക്കറ്റ് നമ്പർ. ഇ.കെ.എം./0206/20151 തീരുമാനം പ്രകാരം സ്പെഷ്യൽ ഓർഡർ ഉത്തരവായി നൽകിയിട്ടുണ്ടോ; ആയതിന്റെ ഉത്തരവായിട്ടില്ലെങ്കിൽ അദാലത്ത് തീരുമാനം നടപ്പാക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

## വസ്തുവിന്റെ കരം ഒടുക്കുവാൻ കഴിയാത്തത്

1506 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തറ വില്ലേജിൽ തണ്ടപ്പേർ നമ്പർ 15/22412-ൽ സർവേ നമ്പർ 377/2, 379/11 ൽ ഉള്ള വസ്തുവിന്റെ കരം ഒടുക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വസ്തുവിന്റെ വിവരങ്ങൾ കമ്പ്യൂട്ടർ സംവിധാനം നിലവിൽ വന്നതിനുശേഷം എൻട്രി ചെയ്തിട്ടില്ല എന്നത് പരിശോധിക്കുമോ; അത് എൻട്രി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാരണം ചൂണ്ടിക്കാട്ടി ഉളിയാഴ്ത്തറ വില്ലേജിൽ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വസ്തുക്കളുടെ കരം കമ്പ്യൂട്ടർ സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**നടുവട്ടം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

1507 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ കെട്ടിടം നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽ മാറാക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണം കൂടി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് എഫ്2/71/2024/റവന്യൂ നമ്പർ ഫയൽ പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ മലപ്പുറം ജില്ലാ കലക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കൊച്ചി താലൂക്കിലെ ഭൂമി തരംമാറ്റം ഫോം 6 അപേക്ഷകളുടെ നടപടി**

1508 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ഭൂമി തരംമാറ്റാനുള്ള ഓൺലൈൻ അപേക്ഷകളിൽ (ഫോം 6), 25 സെന്റിന് താഴെ ഭൂവിസ്തൃതിയുള്ളവയിൽ (ഫീസ് അടയ്ക്കേണ്ടതില്ലാത്ത അപേക്ഷകൾ) വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും പരിശോധനാ റിപ്പോർട്ട് ലഭിച്ച ശേഷം ആർ.ഡി.ഒ.യുടെ തുടർനടപടികൾക്കായി 2024 സെപ്റ്റംബർ 30 വരെ എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ട്; വിശദമാക്കാമോ?

**വികസന പ്രവർത്തികൾക്കുള്ള ഭൂമിക്ക് വേണ്ടിയുള്ള അപേക്ഷ**

1509 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) വികസന പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഓരോ അപേക്ഷയുടെയും തൽസ്ഥിതിയും ഇനിയുള്ള നടപടിക്രമങ്ങളും അവ പൂർത്തീകരിക്കാൻ എടുക്കുന്ന സമയവും പദ്ധതികൾ തിരിച്ച് അറിയിക്കാമോ?

**പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം**

1510 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ മുക്കാട്-ഫാത്തിമ ഐലന്റ്-അരുളപ്പൻ തുരുത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം റീലിങ്കിഷ് ചെയ്യുന്നതിനുള്ള നടപടികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ഭൂമി</u>**

1511 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഭൂമി കൈമാറുന്ന വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>ഇനാം ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നടപടി</u>**

1512 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ പൂണിത്തുറ, ഇളംകുളം, ഇടപ്പള്ളി സൗത്ത്, ഇടപ്പള്ളി നോർത്ത് വില്ലേജുകളിൽ ഉൾപ്പെടെ വർഷങ്ങളായി താമസിച്ച് കൈവശം വച്ചിട്ടുള്ളവരുടെ ഇനാം ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള സമയപരിധി എന്നായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകി പോക്കുവരവ് ചെയ്യുന്നതിന് സാധിക്കാത്തവർക്ക് ഭൂമി പോക്കുവരവ് ചെയ്തുകിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ ആരാധനാലയങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ കൈവശ ഭൂമി രേഖ</u>**

1513 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ കൈവശ ഭൂമിക്ക് രേഖ ലഭ്യമാക്കുന്നതിന് ഇറക്കിയ പുതിയ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സ്ഥാപനങ്ങളുടെ അഥവാ ആരാധനാലയങ്ങളുടെ അപേക്ഷകളാണ് പരിഗണനയിൽ ഉള്ളത്; ഇതിൽ എന്ത്

നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**കുണ്ടറ മണ്ഡലത്തിലെ കൊറ്റങ്കര സ്മാർട്ട് വില്ലേജ്**

1514 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ കൊറ്റങ്കര വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് (കെട്ടിട നിർമ്മാണം ഉൾപ്പടെ) ആക്കി മാറ്റുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ.?

**ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകൾ**

1515 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച അപേക്ഷകൾ എത്രയാണെന്നും അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇതുവഴി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) തരംമാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് വാമനപുരം മണ്ഡലത്തിലെ വില്ലേജുകളിൽ ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് അറിയിക്കാമോ; അതിൽ തീർപ്പാക്കിയതും തീർപ്പാക്കാനുള്ളതുമായ അപേക്ഷകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കാമോ?

**ദേശീയ കുടുംബക്ഷേമ പദ്ധതി**

1516 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഗൃഹനാഥൻ മരണപ്പെട്ട വിധവകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ;ഉണ്ടെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

**ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം**

1517 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്ര കുടുംബങ്ങൾക്ക് സുരക്ഷിതമായി ജീവിക്കുന്നതിന് ഭൂമി ലഭ്യമാക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായി കരുതുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഭൂമി കണ്ടെത്തി ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(സി) പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് അവർ കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു നൽകുന്നതിന് തടസ്സമുള്ള കേസുകളിൽ അർഹരായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് മറ്റൊരു ഭൂമി പതിച്ചു നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) തോട്, പുഴ, കുളം, റോഡ് തുടങ്ങിയവയുടെ പുറമ്പോക്കുകളിലെ സ്ഥിരതാമസക്കാരായ അതിദരിദ്ര കുടുംബങ്ങൾക്ക് കൈവശരേഖ നല്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

## അവകാശ സർട്ടിഫിക്കറ്റിനുള്ള കാലതാമസം

1518 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിൽ അവകാശ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന സേവനം ഓൺലൈൻ വഴിയാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവകാശ സർട്ടിഫിക്കറ്റുകൾ സേവനാവകാശത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ;

(സി) ഓഫ്‌ലൈനായി നൽകിയിരുന്നതിനെക്കാൾ കാലതാമസം ഓൺലൈൻ ആയതിനു ശേഷം അവകാശ സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ ഉണ്ടാകുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓൺലൈൻ സംവിധാനത്തിലൂടെ പരമാവധി എത്ര ദിവസമാണ് അവകാശ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ വേണ്ടതെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ എത്ര അപേക്ഷകളാണ് അവകാശ സർട്ടിഫിക്കറ്റിനായി ലഭ്യമായിട്ടുള്ളതെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) അവകാശ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളിൽ ഒരുമാസം പൂർത്തിയായിട്ടും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത അപേക്ഷകളുടെ എണ്ണം താലൂക്ക് തിരിച്ചു ലഭ്യമാക്കാമോ;

(ജി) തിരുവനന്തപുരം താലൂക്കിൽ അവകാശ സർട്ടിഫിക്കറ്റിന് തീർപ്പ് കൽപ്പിക്കാൻ എന്നുമുതലുള്ള അപേക്ഷ ഉണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

## പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ

1519 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി

നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## നഞ്ചിയമ്മയുടെ കുടുംബഭൂമി

1520 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട കേസിൽ പാലക്കാട് മുൻ കളക്ടർ ശ്രീമതി മൃൺമയിജോഷിക്ക് ,ശ്രീ . മാരിമുത്തു എന്നയാൾ നൽകിയ മൊഴി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) റവന്യൂ വിജിലൻസ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അഗളി വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീമതി ഉഷാകുമാരി നൽകിയ മൊഴി എന്താണ് എന്നതിന്റെ വിവരം ലഭ്യമാക്കുമോ;

(സി) റവന്യൂ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ ശ്രീ , കെ.വി മാത്യു വ്യാജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുത്തു എന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ എന്ത് ശിപാർശയാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ?

## റവന്യൂ റിക്കവറി കേസുകളിൽപ്പെട്ട കേസുകൾ

1521 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറി കേസുകളിൽപ്പെട്ട എത്ര കേസുകൾ നിലവിൽ സംസ്ഥാനത്ത് ഉണ്ട്; ഇതിൽ അടങ്ങിയിരിക്കുന്ന തുക ജില്ല തിരിച്ചും വിവിധ വകുപ്പ് തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളിൽ/ എത്ര രൂപ വിവിധ കോടതികളുടെ സ്റ്റേ ഉണ്ടെന്ന് ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ; റവന്യൂ റിക്കവറിയിൽ ഉൾപ്പെട്ട കുടിശികക്കാരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അവരുടെ പാൻ കാർഡ് നമ്പർ ഉപയോഗിച്ച് ലീഡ് ബാങ്കിൽ നിന്നും ഇടപാടുകൾ നടക്കുന്ന ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി മരവിപ്പിക്കൽ അടക്കമുള്ള നടപടികൾ സ്വീകരിച്ച എത്ര കേസുകൾ നിലവിലുണ്ട്; ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കുടിശികക്കാരുടെ സ്വത്ത് വിവരങ്ങൾ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിലെ ഡേറ്റയുമായി ഒത്തു നോക്കാറുണ്ടോ; കുടിശികക്കാരിൽ നിന്നും പണം ഈടാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ?

## കോഴിക്കോട് സബ് കളക്ടർ ഓഫീസിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

1522 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സബ് കളക്ടർ ഓഫീസിൽ 2017 മുതൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഓഫ് ലൈനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാകാത്ത അപേക്ഷകൾ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തവണ നടത്തുന്ന അദാലത്തിൽ പ്രസ്തുത അപേക്ഷകൾ പരിഗണിക്കുമോ;

(സി) ഇത്തരത്തിൽ തീർപ്പാക്കാത്ത അപേക്ഷകൾ മറ്റ് ജില്ലകളിൽ നിലവിലുണ്ടോ;

(ഡി) ഇത്തരത്തിൽ ഓഫ് ലൈനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ എയർപോർട്ട് ലിങ്ക് റോഡ്

1523 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ ചൊറുക്കള-ബാവുപ്പറമ്പ- മയ്യിൽ-കൊളോളം എയർപോർട്ട് ലിങ്ക് റോഡിന്റെ സർവേ പ്രവൃത്തികൾ സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സർവേയിൽ ഭൂമി സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഡിജിറ്റൽ ഭൂസർവേ

1524 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ ഭൂസർവേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സർവേ ഓഫ് ഇന്ത്യ ഡയറക്ടറും സംസ്ഥാന സർവേ ഡയറക്ടറും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർവേ നടപടികൾക്കായി ഭൂവുടമകൾ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സർവേയിൽ ഭൂമി അധികമായി കണ്ടെത്തുന്നപക്ഷം അതിനും ഭൂനികുതി അടയ്ക്കാൻ അനുവദിക്കാറുണ്ടോ; ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## റോഡ് വീതി വർദ്ധിപ്പിക്കുന്നതിനുള്ള സർവ്വെ നടപടി

1525 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പിയുകെസി റോഡ്) റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനുള്ള സർവെ നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ സർവെ നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>റീസർവേ നടപടികളുടെ പുരോഗതി</u>

1526 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) റീസർവേ നടപടികൾ പൂർത്തിയാക്കാൻ സെൻട്രൽ സർവേ ഓഫ് ഇന്ത്യയുടെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റീ സർവേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

## <u>റീസർവെയിലെ തെറ്റുകൾ പരിഹരിക്കാൻ നടപടി</u>

1527 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; റീസർവേയിൽ വ്യാപകമായി തെറ്റുകൾ വന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി ഇവ തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>തിരുവമ്പാടി മണ്ഡലത്തിൽ നടക്കുന്ന റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി</u>

1528 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ നടക്കുന്ന റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) റീസർവ്വേ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിലെ തീർപ്പാകാത്ത ഫയലുകൾ</u>

1529 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിൽ എത്ര ഫയലുകൾ തീർപ്പാകാതെ ഉണ്ടെന്നും, ഏതെല്ലാം സ്വഭാവത്തിലുള്ള ഫയലുകളാണിവയെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഫയലുകൾ എത്രകാലമായി കെട്ടിക്കിടക്കുന്നുണ്ടെന്നും, ഫയലിന്മേൽ തീരുമാനമാകാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**കാട്ടാക്കട എക്സൈസ് ഓഫീസിന്റെ കെട്ടിട നിർമ്മാണം**

1530 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട എക്സൈസ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള ഭൂമി സർക്കാർ പുറമ്പോക്ക് എന്ന നിലയിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർ 2024 മാർച്ച് 27-ന് കത്ത് മുഖാന്തിരം തഹസിൽദാരോട് (കാട്ടാക്കട) ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

**1964-ലെ ഭൂപതിവ് ചട്ടപ്രകാരമുള്ള ഭൂമി പതിച്ചു നൽകൽ**

1531 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുമ്പോൾ 01.08.1971 ന് ശേഷം ഭൂമി ലഭിച്ചവർക്ക് മുൻഗണനാക്രമം അനുസരിച്ച് വാർഷിക കുടുംബവരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം എന്നതിനാൽ നല്ലൊരു ശതമാനം അപേക്ഷകളും പരിഗണിക്കാൻ കഴിയാത്ത അവസ്ഥയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) 1964-ലെ ഭൂപതിവ് ചട്ടത്തിലെ മുൻഗണനാക്രമത്തിൽ ഒരു ലക്ഷം രൂപ എന്ന പരിധി ഉയർത്തുകയോ അല്ലെങ്കിൽ 01.08.1971ന് മുമ്പുള്ള കൈവശക്കാർക്ക് വരുമാനം നോക്കാതെ ഭൂമി പതിച്ചു നൽകുന്ന രീതിയോ എല്ലാ അപേക്ഷകർക്കും ബാധകമാക്കുമോ; വ്യക്തമാക്കാമോ?

**മലപ്പുറം നിയോജക മണ്ഡലത്തിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ**

1532 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; തീർപ്പാക്കലിന് കാലതാമസം വന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി തരംമാറ്റൽ അപേക്ഷകൾ നിലവിൽ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥ ക്രമീകരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടിക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഭൂമി തരം മാറ്റൽ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്ന നടപടി

1533 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സബ് കളക്ടർ ഓഫീസിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈൻ മുഖേന ലഭ്യമായതും അല്ലാത്തതുമായ എത്ര അപേക്ഷകൾ 2017 മുതൽ ഇതുവരെ തീർപ്പാക്കാതെ കിടക്കുന്നുണ്ട്; ഈ അപേക്ഷകളിൻമേൽ എപ്പോൾ തീർപ്പു കൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇത്തവണത്തെ അദാലത്തിൽ ഈ അപേക്ഷകൾ പരിഗണിക്കുമോ; വിശദമാക്കാമോ ;

(ബി) വടകര താലൂക്കിൽ നിന്നും ഭൂമി തരം മാറ്റത്തിന് ഉള്ള അപേക്ഷകളിൽ എത്രയെണ്ണം തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട് എന്ന് അറിയിക്കാമോ; ഈ അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) മറ്റു ഏതെല്ലാം ജില്ലകളിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട് എന്നറിയിക്കാമോ?

## ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ ഭേദഗതി

1534 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ആക്ട് നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആക്ടിനെ അടിസ്ഥാനപ്പെടുത്തി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ

1535 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് വകുപ്പിനായി ഗോഡൗൺ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഭവനനിർമ്മാണ ബോർഡിന്റെ വരുമാനം

1536 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനു കീഴിലുള്ള ഭവനനിർമ്മാണ ബോർഡിന് അതിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ പ്രതിമാസം ലഭിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ; ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) വാടകക്ക് നൽകുന്നതിനായി പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവു വന്ന തുകയെന്തെന്നും നിലവിലുള്ള കെട്ടിടങ്ങളിൽ ഇനിയും മുറികൾ വാടകക്ക് നൽകുന്നതിന് ശേഷിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ;

(സി) നഗരത്തിലെ പ്രധാന സ്ഥലങ്ങളിൽ കെട്ടിടങ്ങളുണ്ടായിട്ടും ഇപ്രകാരം മുറികൾ ഒഴിഞ്ഞു കിടക്കാനുണ്ടായ സാഹചര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇത് വഴി എത്ര തുകയാണ് ബോർഡിന് നഷ്ടപ്പെടുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; കാരണങ്ങൾ വിലയിരുത്തി പരിഹരിച്ച് ഒഴിവുള്ള മുറികൾ വാടകക്കു നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## <u>വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടം നടത്തിയ പ്രവർത്തനങ്ങൾ</u>

1537 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടം നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

## <u>നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലം - സാമൂഹ്യ പ്രത്യാഘ്യാത വിലയിരുത്തൽ സംബന്ധിച്ച്.</u>

1538 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 30.10.2016 തീയതിയിലെ സ.ഉ.(സാധാ)നം. 1496/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതും 17.06.2022ന് 6(1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചതും 22.12.2022ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഹിയറിംഗ് നടത്തുകയും ചെയ്ത നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ നടപടിക്രമങ്ങളാണ് ഇനിയും പൂർത്തികരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച് 8 വർഷം ആയിട്ടുള്ളതിനാൽ സ്ഥലമെടുപ്പ് നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം

1539 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ക്യാമ്പുകളിൽ കഴിയുന്ന മുഴുവൻ ആളുകളെയും മാറ്റി പാർപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; ഇപ്രകാരം മാറ്റി പാർപ്പിച്ചവർക്ക് വീട്ടുപകരണങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും വാടകയും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ദുരന്തത്തിൽപ്പെട്ടവർക്ക് ജീവനോപാധികൾ ഉൾപ്പെടെ ലഭ്യമാക്കുന്ന രീതിയിൽ സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ അനുമതി ലഭിച്ച ഫ്ലഡ് പ്രവൃത്തികൾ

1540 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ അനുമതി ലഭിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

## പ്രകൃതി ദുരന്തത്തിൽ വീട് തകർന്ന നഷ്ടപരിഹാരം

1541 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തത്തിൽ വീട് തകർന്ന പയ്യന്നൂർ താലൂക്കിൽ വയക്കര വില്ലേജിലെ ജോയ് വിളക്കുന്നേൽ സെബാസ്റ്റ്യൻ എന്നവർക്ക് നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിന്റെ ഏത് ഓഫീസിലാണ് ഉള്ളതെന്നും അതിന്റെ ഫയൽ നമ്പറും അറിയിക്കാമോ;

(സി) നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വയനാട് ദുരിതബാധിതരുടെ പുനരധിവാസം

1542 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല ഉരുൾപൊട്ടലിൽ ഉൾപ്പെട്ട ജനങ്ങൾക്ക് നാളിതുവരെ ദുരിതാശ്വാസ ധനസഹായമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; ഓരോന്നിനും ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വയനാട് ദുരിതബാധിതരെ സഹായിക്കുന്നതിനായി സർക്കാരിലേക്ക് നാളിതുവരെ വിവിധ വിഭാഗങ്ങളിൽ നിന്നായി സാമ്പത്തികമായും മറ്റ് മാർഗങ്ങളിലുമായി എത്ര സഹായങ്ങൾ വന്ന ചേർന്നിട്ടുണ്ട്; വിശദമാക്കുമോ;

(സി) വയനാട് ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും വീട്ടും സ്ഥലവും ലഭ്യമാക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിൽ ദുരിതബാധിതർ ഈ പ്രദേശത്ത് നിന്നും ഒരുപാട് ദൂരേക്ക് മാറാൻ തയ്യാറല്ല എന്നതിനാൽ അവരെ ഏത് രീതിയിലാണ് പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പുനരധിവാസത്തിനായി ടൗൺഷിപ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും ആയത് സംബന്ധിച്ച് ദുരിതബാധിതരുടെ അഭിപ്രായം സ്വീകരിച്ചിരുന്നോ എന്നും അറിയിക്കുമോ;

(എഫ്) കൃഷി സ്ഥലങ്ങളും മറ്റ് ജീവനോപാധികളും എല്ലാം നഷ്ടപ്പെട്ട ദുരിത ബാധിതരായ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങൾ/സൗകര്യങ്ങൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം

1543 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ) നം.5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളേയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളേയും നിലവിലെ സ്ഥലത്ത് നിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കാലവർഷക്കെടുതിക്ക് ഇരയായ വ്യക്തിക്കുള്ള നഷ്ടപരിഹാരം

1544 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചതിന് കുന്നുമ്മൽ അബ്ദുറഹമാൻ S/o കുഞ്ഞുമുഹമ്മദ് മുസ്ലിയാർ, കുന്നുമ്മൽ ഹൗസ്, കോഴിക്കാട്ടുകുന്ന് കരുവമ്പ്രം പി . ഒ.,

മലപ്പുറം ജില്ല, ഏറനാട് താലൂക്,നറുകര വില്ലേജ് എന്ന വ്യക്തി നഷ്ടപരിഹാരം ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ 17/05/2022ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ ടിയാന് നഷ്ടപരിഹാരത്തുക കിട്ടിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(സി) ടിയാന് അടിയന്തരമായി നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ദുരിതാശ്വാസ സാമഗ്രികളുടെ സമാഹരണം

1545 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ സാമഗ്രികൾ സമാഹരിച്ചതിന്റെ വിശദമായ കണക്കുകൾ ലഭ്യമാണോ; അവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമഗ്രികൾ ഏതുരീതിയിൽ വിനിയോഗിച്ചു എന്നും ഉപയോഗപ്പെടുത്താതെ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കുമോ?

## ഫ്ലഡ് റിലീഫ് ഫണ്ട്

1546 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ ഫ്ലഡ് റിലീഫ് ഫണ്ടിൽ ഉൾപ്പെടുത്തി കൊടുവള്ളി നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച 60 ലക്ഷം രൂപയുടെ റോഡ് പുനർനിർമ്മാണ ഫണ്ട് ചെലവഴിക്കുന്നതിനുള്ള ഉത്തരവ് ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

## വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള നടപടി

1547 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുനരധിവാസത്തിനായി ടൗൺഷിപ്പ് വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ

1548 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എത്തിച്ചേർന്ന വോളണ്ടിയേഴ്സിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വോളണ്ടിയേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിൽ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആനുകൂല്യം

1549 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ആഗസ്റ്റ് മാസത്തിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നെൻമണിക്കര, തൃക്കൂർ, അളഗപ്പനഗർ, പുതുക്കാട് തുടങ്ങിയ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ മണലിപ്പുഴ കരകവിഞ്ഞൊഴുകി വലിയ നാശനഷ്ടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വലിയതോതിൽ കൃഷി നാശത്തിനും, വ്യാപാര സ്ഥാപനങ്ങളുടെയും, വീടുകളുടെയും നാശങ്ങൾക്കും, റോഡുകളുടെ തകർച്ചയ്ക്കും വഴിവച്ച പ്രസ്തുത വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## കണ്ണൂർ ജില്ലയിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള റവന്യൂ കണക്കുകൾ .

1550 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിന്റെ ഭാഗമായി പുഴ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത നാശനഷ്ടങ്ങളുടെ കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്തത്തിൽ വീടുകളും മറ്റ് ജീവിതോപാധികളും നഷ്ടപ്പെട്ടവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ദുരന്തത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് പരിഗണിക്കുമോ?

## സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും ലഭ്യമാക്കുന്നതിന്

1551 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഉൾപ്പെടെ ലഭിക്കുന്നതിന് സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## വയനാട് ദുരന്തത്തെ തുടർന്ന് ഉണ്ടായ നാശനഷ്ടങ്ങൾ

1552 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

## വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെലവഴിച്ച തുക

1553 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി ആകെ ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ച് വിശദമാക്കാമോ?

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ

1554 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തെ തുടർന്ന് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും തരംതിരിച്ചു വ്യക്തമാക്കുമോ ?

## വയനാട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾ

1555 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾ നടത്തുന്നതിനായി സർക്കാരും ജില്ലാ ഭരണകൂടവും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചു വ്യക്തമാക്കുമോ?

## വയനാട് ദുരന്തത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ

1556 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഭൂമിയും സേവനങ്ങളും വാഗ്ദാനം ചെയ്തിട്ടുള്ളത് ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സേവനങ്ങൾ ഏതു രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## വയനാട് ദുരന്തത്തിൽ ഭൂമിയുടെ രേഖകൾ നഷ്ടപ്പെട്ടവർ

1557 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽ ഭൂമിയുടെ രേഖകൾ നഷ്ടപ്പെട്ടവർക്ക് ആയതു ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മുഴുവൻ പേർക്കും ഭൂമിയുടെ രേഖകൾ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് തടസ്സമാണ് നേരിടുന്നത്;

(ബി) ദുരന്തബാധിതരായ മുഴുവൻ പേർക്കും നഷ്ടപ്പെട്ട ഭൂരേഖകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ്

1558 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ന്യായവില വർധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച ആകെ വരുമാനം എത്രയെന്നും എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം ലക്ഷ്യമിട്ട തുക എത്രയാണെന്നും എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ?

## ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ

1559 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആധാരങ്ങൾ ഏതു സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

## ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

1560 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എത്ര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിനെതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ആധാര രജിസ്ട്രേഷനിലെ അണ്ടർ വാല്വേഷൻ കേസുകൾ</u>**

1561 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില കുറച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ അണ്ടർവാല്വേഷൻ കേസുകളിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകയിന്മേൽ വൻതുക ഇളവ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ ജില്ലാ രജിസ്ട്രാർ ഓഡിറ്റ് ഓഫീസുകളിൽ 01.06.2022 മുതൽ 31.05.2024 വരെയുള്ള രണ്ടുവർഷത്തെ ഇത്തരം കേസുകൾ വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇത്തരത്തിലുണ്ടായ റവന്യൂ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) 2024-25 ലെ കേന്ദ്ര ബഡ്ജറ്റിൽ ഭൂമി ഇടപാടുകൾ സംബന്ധിച്ച പരിഷ്കാരങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ ആധാര രജിസ്ട്രേഷൻ സംവിധാനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് ആധാര രജിസ്ട്രേഷൻ ഇടപാടുകളുമായി ബന്ധപ്പെട്ട വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രത്യേക സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ യെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മുദ്രപ്പത്രങ്ങളുടെ ക്ഷാമം</u>**

1562 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ഭൂമിയുടെ ന്യായവില പുനർനിർണയം.</u>**

1563 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുനർനിർണയം സംബന്ധിച്ച് 11.09.2024ന് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ന്യായവില പുനർനിർണയം സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ സേവനങ്ങൾ വേഗത്തിലാക്കാൻ

നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കുള്ള ക്ഷാമം**

1564 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമുള്ള കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ കണക്ക് എത്രയെന്നും ഇതിന്റെ അഭാവത്തിൽ ഇടപാടുകൾ നടത്താൻ എന്ത് സാഹചര്യമാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ അഭാവം നേരിടുന്ന അവസ്ഥയിൽ ഈ തുകകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സാധ്യമാണോ എന്നത് വിശദമാക്കുമോ?

**മുദ്രപത്രങ്ങളുടെ ക്ഷാമം പരിഹരിക്കാൻ നടപടി**

1565 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മുദ്രപത്രങ്ങളുടെ അച്ചടി അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരാർ ഉടമ്പടികൾക്ക് വേണ്ട 200 രൂപയുടെ മുദ്രപത്രങ്ങൾ, വാടക കരാറുകൾക്കു വേണ്ട 500 രൂപയുടെ മുദ്രപത്രങ്ങൾ എന്നിവയ്ക്ക് കടുത്ത ക്ഷാമം ഉണ്ടായത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുദ്രപത്രങ്ങൾക്ക് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) വെണ്ടർമാർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന കമ്മീഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമാണം**

1566 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകുപ്പ് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ലഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**തിരുവല്ലൂർ വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തനക്ഷമമാക്കുന്ന നടപടി**

1567 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവള്ളൂർ വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തെങ്കിലും ഓഫീസ് പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തരമായി പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; എന്നാണ് ഈ പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാൻ സാധിക്കുക എന്ന് വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ

1568 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശികയിനത്തിൽ സർക്കാർ നൽകാനുള്ള തുകയുടെ വിശദാംശം നൽകാമോ; പ്രസ്തുത കുടിശിക എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഓഫീസ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

1569 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും കൈമാറിയ സ്ഥലത്ത് കല്ല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നതിന് നടപടി

1570 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ വാഴൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക, അധിക ഏരിയയുടെ ഉപയോഗം എന്നിവ നിശ്ചയിച്ച് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഇ3/38/2024-ടാക്സെസ് എന്ന ഫയൽ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പ്രസ്തുത ഫയലിന്റെ അന്തിമ തീർപ്പ് ഉത്തരവ്/കത്ത് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

1571 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് പുതിയ കരാർ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ്**

1572 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിൽ IV/40/13 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അയ്യൻകാളി കൾച്ചറൽ ട്രസ്റ്റിന് പത്തനാപുരം കുര്യോട്ട് മലയിൽ 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ടോ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ഭൂമിയിൽ നിലവിൽ ട്രസ്റ്റിന്റെ ഭാഗമായി എയ്ഡഡ് കോളേജ് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ട്രസ്റ്റിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഏതെങ്കിലും വകുപ്പ് മുമ്പാകെ സമർപ്പിക്കുകയോ പരിശോധനക്ക് വിധേയമാക്കുകയോ ചെയ്യുന്നുണ്ടോ;

(ഡി) ഇത്തരത്തിലുള്ള ട്രസ്റ്റുകളുടേയും ചാരിറ്റബിൾ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ മേൽ നോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റുകളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയുമെല്ലാം പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

1573 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മ്യൂസിയം സജ്ജീകരണത്തിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ട്രാംവേയുമായി ബന്ധപ്പെട്ട് മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയം</u>

1574 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയം രണ്ടാം ഘട്ട വികസനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് എത്രയും വേഗത്തിൽ തയ്യാറാക്കി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി</u>

1575 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കോന്നി ആനത്താവളത്തിൽ പുരാവസ്തു വകുപ്പ് അനുവദിച്ച പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## <u>കാഞ്ഞൂർ പഞ്ചായത്തിലെ 'വലിയ തമ്പുരാൻ കോവിലകം' സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടി</u>

1576 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ 'വലിയ തമ്പുരാൻ കോവിലകം' സംരക്ഷിത സ്മാരകം ആക്കുന്നതിനുള്ള അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; ഏത് ഉദ്യോഗസ്ഥനെയാണ് ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) 'വലിയ തമ്പുരാൻ കോവിലകം' സംരക്ഷിത സ്മാരകമാക്കുന്ന നടപടിക്രമങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിധിപ്പകർപ്പ് ലഭ്യമാക്കാമോ?

## <u>മടിയൻ കൂലോം ക്ഷേത്രത്തിലെ ദാരു ശില്പങ്ങളുടെയും കൊത്തുപണികളുടെയും സംരക്ഷണം</u>

1577 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിയൻ കൂലോം ക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ദാരു ശില്പങ്ങളും കൊത്തുപണികളും സംരക്ഷണമില്ലാതെ നാശത്തിന്റെ വക്കിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
02-10-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].